Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 15 Vol. 2 January 2022

Managing Editor :
**S. VIJAYAKUMAR**

Printer & Publisher :
**M. S. MANOJ KUMAR**

Editor:
**MANOJ T. G.**
E-mail: manojpmst@gmail.com
Ph: 9747594837

Editorial Board:

**K. SARASWATHY**

**ABHILASH JAYARAM**

**D. N. ANITHA**

**T. L. MERIES**

**ABDUL SALAM M.**

**M. K. MANOJ**

**K. P. SAJEER**

**S. RAJESH KUMAR**

Layout & Printing
**Alwaye Press, Aluva**
0484-2623318

## ഉള്ളടക്കം

- എഡിറ്റോറിയൽ — 02
  മനോജ് ടി.ജി.
- തലസ്ഥാനത്ത് ആസ്ഥാനമന്ദിരം എന്ന പതിറ്റാണ്ടുകളായുള്ള മോഹം സാക്ഷാത്കാര-ത്തിലേക്ക് — 03
  എസ്. വിജയകുമാർ (പ്രസിഡന്റ്)
- ഉണർവ്വോടെ മുന്നോട്ട്... — 05
  മനോജ്കുമാർ എം.എസ്. (ജനറൽ സെക്രട്ടറി)
- എം. എൻ. വി. അടിയോടി സ്മരണ; ചിരസ്മരണ — 07
  കെ. പവിത്രൻ
- സമർപ്പണം - കവിത — 10
  സരസ്വതി. കെ
- കോറോണ കാലത്തെ പ്രണയം - കഥ — 11
  മനോജ് തൈത്തറ
- രണ്ട് നിയമങ്ങൾക്കിടയിൽ ശ്വാസംമുട്ടുന്ന ഇന്ത്യൻ ഫാർമസിസ്റ്റുമാർ — 12
  അഗസ്റ്റിൻ പി. പി.
- മുഖം വേണ്ടാത്ത ലോകം ! - കഥ — 16
  ശ്രീനാ ഗോപാൽ
- നിവേദനങ്ങൾ — 17
- കോടതിവിധി - വിശകലനം — 18
- ജില്ലാ വാർത്തകൾ — 20

# എഡിറ്റോറിയൽ

**മനോജ് ടി. ജി.**
എഡിറ്റർ



**സെ**പ്റ്റംബർ 25 – ലോക ഫാർമസിസ്റ്റ് ദിനം. സംഘടനാപരമായും അല്ലാതെയും ഫാർമസി മേഖലയിൽ പണിയെടുക്കുന്ന ആരും ഓർത്തിരിക്കേണ്ട ദിവസം. ആരോഗ്യത്തിന്റെ കാവൽക്കാർക്ക് കരുത്ത് പകരാനും അവരുടെ ജോലിപരമായ മൂല്യങ്ങൾക്ക് ഉണർവേകാനും സമൂഹം ഉണർന്ന് പ്രവർത്തിക്കേണ്ട ആവശ്യകത ഊന്നിപ്പറയേണ്ട ദിവസം. ഫാർമസി നിയമങ്ങളെ പൊളിച്ചെഴുതാൻ കേന്ദ്രസർക്കാർ കമ്പനികൾ ഉണ്ടാക്കുമ്പോൾ അതിൽ ഫാർമസി സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്താതെ പോവുന്ന ഒരു കാലഘട്ടത്തിൽ 2021 ലെ ഫാർമസി ദിനം മുന്നോട്ട് വയ്ക്കുന്ന മുദ്രാവാക്യം വലുതാണ്. എത്ര മികച്ച ഡോക്ടർ എഴുതിയതായാലും മരുന്ന് കൃത്യമായ അളവിൽ അകത്ത് ചെന്നാലെ രോഗം മാറുകയുള്ളൂ. ഉന്നത വിദ്യാഭ്യാസം നേടി വന്നവരെ ഫാർമസി മേഖലയിൽ നിന്നും താഴ്ത്ത് നിർത്തപ്പെടുന്ന അവസ്ഥ സംജാതമാകുമ്പോൾ ഇതിനുവേണ്ടി ആഗ്രഹിക്കുന്ന ചിലരെങ്കിലും ഭരണതലത്തിൽ ഉണ്ട് എന്നത് പ്രതിഷേധാർഹമാണ്.

അതിതിരക്കിൽ ഭാരം പേറുന്ന ജില്ല, താലൂക്ക് ആശുപത്രികളിൽ അടക്കം ഒരു ആശ്വാസമാണ് ഫാർമസി ട്രെയിനിംഗ് വിദ്യാർത്ഥികൾ. കൃത്യമായ ഒരു നിർവചനത്തോടെ പാരാമെഡിക്കൽ ജീവനക്കാരെ വേർതിരിക്കണം. ഭീമമായ ഫീസ് നിർണ്ണയിച്ച് പാരാമെഡിക്കൽ ജീവനക്കാരിൽ ഉൾപ്പെടുത്തി ഫാർമസി ട്രെയിനികളെ പിഴിയുന്നത് ഒരു പുരോഗമന സമൂഹത്തിൽ ആശാസ്യകരമല്ല.

ഇ-ഹെൽത്ത് നൂതനമായ ഒരു ആശയമാണ്. കാലം കാത്തിരുന്ന... വരാൻ വൈകിയ... ഒരു പരിഷ്കരണമാണ്. വീട്ടിലിരുന്ന് വിരൽതുമ്പിലൂടെ മെഡിക്കൽ കോളേജ് അടക്കം ആരോഗ്യസ്ഥാപനങ്ങളിൽ മുൻകൂട്ടി ബുക്ക് ചെയ്യാം എന്നത് മടുപ്പിക്കുന്ന തിരക്കിൽ നിന്ന് പൊതുജനത്തിന് മോചനം നൽകും. പക്ഷെ ഫാർമസി കണക്കുകളിൽ ഈ-ഹെൽത്ത് എന്നതിന്റെ കൈകാര്യങ്ങൾ സമ്പൂർണ്ണമായ ഡോക്ടർ ആധിപത്യത്തിൽ ഇപ്പോഴും ഇരുട്ടിൽ തപ്പുന്നു. ഡിസ്പെൻസിംഗ് ടേബിളിലെ കണക്കുകളിൽ മരുന്ന് കുറിക്കുന്നവരുടെ ഏകാഗ്രത ഇല്ലായ്മ പലപ്പോഴും കണക്കുകളോട് പൊരുത്തപ്പെടുന്നില്ല. കൃത്യമായ മോണിറ്ററിംഗ് എല്ലാ മേഖലയിൽ നിന്നും ഉണ്ടായാൽ മാത്രമേ ഡിസ്പെൻസിംഗ് രജിസ്റ്റർ ഒഴിവാക്കി ആധുനികതയുടെ ആവേശം ഫാർമസികളിൽ നിറയൂ. നിലവിൽ രജിസ്റ്ററും... കമ്പ്യൂട്ടറും കണക്കുകളും വേർതിരിഞ്ഞ് വേവുന്ന ഒരിടമായി ഫാർമസികൾ മാറുന്നു.

പേപ്പർ രഹിത സംവിധാനത്തിലേക്ക് വകുപ്പ് കുതിക്കുമ്പോൾ പ്രിന്റ് ചെയ്തുകൂട്ടിയവർക്ക് അലമാരകൾ തികയാതെ വരുന്നു എന്ന് അധികം ശ്രദ്ധിക്കപ്പെടുന്നില്ല. ഇ-ഹെൽത്ത് എന്നത് കൃത്യമാവുമ്പോൾ കുന്നുകൂടിയ ഡിസ്പെൻസിംഗ് രജിസ്റ്ററുകൾക്ക് ഒരു വളർച്ച കുറവ് പ്രതീക്ഷിക്കാം. ആധുനികതയ്ക്ക് ഒപ്പം വളരേണ്ടവയുടെ സൂക്ഷ്മതയിൽ കൃത്യത കൈവരിക്കാൻ വേണ്ട ഉപാധികൾക്ക് ആക്കം കൂട്ടേണ്ടതുണ്ട്.

# തലസ്ഥാനത്ത് ആസ്ഥാനമന്ദിരം എന്ന പതിറ്റാണ്ടുകളായുള്ള മോഹം സാക്ഷാത്കാരത്തിലേക്ക്



**എസ്. വിജയകുമാർ**
പ്രസിഡന്റ്

**കേ**രളത്തിലെ സിവിൽ സർവ്വീസ് രംഗത്ത് രണ്ടാമതായി രജിസ്റ്റർ ചെയ്യപ്പെട്ട നമ്മുടെ സംഘടന രൂപംകൊണ്ടതു മുതലുള്ള ഒരു ആവശ്യമായിരുന്നു സ്വന്തമായുള്ള ഒരു ആസ്ഥാന മന്ദിരം. 11.06.1957 ൽ രൂപംകൊണ്ടതു മുതൽ അതിന്റെ പ്രയത്നത്തിലുമായിരുന്നു. ഏതാണ്ട് 65 വർഷമായി കേരളത്തിലെ സാംസ്കാരിക, രാഷ്ട്രീയ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ധാരാളം മഹാരഥൻമാരെ ഈ സംഘടന സൃഷ്ടിച്ചെങ്കിലും താൽക്കാലികമായെങ്കിലും ഒരു കെട്ടിടം ഉണ്ടാക്കുവാൻ കഴിഞ്ഞത് യശഃശരീരനും നമ്മുടെ മാർഗ്ഗദർശിയുമായ M.N.V.G. അടിയോടി സാറിന്റെ കാലത്താണ്. അന്ന് അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവം കൊണ്ട് നമുക്ക് തിരുവനന്തപുരത്തുള്ള ജനറൽ ആശുപത്രി കോമ്പൗണ്ടിൽ ഒരു മുറി കെട്ടിടം സ്വന്തമാക്കുവാൻ കഴിഞ്ഞു. എന്നാൽ അതിന് രേഖകളൊന്നും ഉണ്ടായിരുന്നില്ല. 20 വർഷത്തോളം നാം കെട്ടിടം ഉപയോഗിച്ചെങ്കിലും പിൽക്കാലത്ത് നാം അവിടെനിന്നും ഒഴിയിക്കപ്പെട്ടു എന്നു പറയുന്നതാണ് ശരി. ആ കെട്ടിടത്തിൽ പ്രവേശിക്കുവാൻ നമുക്ക് സാധിക്കാത്ത വിധത്തിൽ നഴ്സിംഗ് കോളേജ് കെട്ടിടത്തിന്റെ മതിൽ കെട്ടി അടയ്ക്കുകയാണുണ്ടായത്. അങ്ങനെ അവിടെ നിന്നും പടിയിറക്കപ്പെട്ട നാം നേരെ DHS ന് സമീപത്തുള്ള കുട്ടനാട് അപ്പാർട്ട്മെന്റ് (Kuttanad Appartment) എന്ന ഒരു വാടക കെട്ടിടത്തിലേക്കാണ് പോയത്. അവിടെ രണ്ടു വർഷത്തോളം തുടർന്നെങ്കിലും ഭീമമായ വാടക നമുക്ക് താങ്ങാനാവാതെ വന്നപ്പോൾ കുറഞ്ഞ വാടകയ്ക്ക് പേട്ട റെയിൽവേ സ്റ്റേഷന് സമീപം ഒരു കെട്ടിടം കിട്ടിയപ്പോൾ അങ്ങോട്ട് മാറുകയായിരുന്നു.

തിരുവനന്തപുരം ജി. എച്ച്. കോമ്പൗണ്ടിൽ നിന്നും പടിയിറക്കപ്പെട്ടതു മുതൽ സ്വന്തമായി ഒരു ആസ്ഥാന മന്ദിരം എന്ന ആശയത്തിന് ശക്തിപ്രാപിക്കുകയും ആ കാലഘട്ടത്തിൽ ജനറൽ സെക്രട്ടറിമാരായിരുന്ന ശ്രീ. ഇ. വി. രാജേന്ദ്രൻ, കെ.എം. മുരളീധരൻ എന്നിവരുടേയും സംസ്ഥാന പ്രസിഡന്റായിരുന്ന ശ്രീ. എ. എൻ. സുനിലിന്റേയും നിരന്തരമായ മുറവിളികളുടെ ഫലമായി കൊല്ലം സമ്മേളനത്തിൽ ബിൽഡിംഗ് ഫണ്ട് സമാഹരിക്കുവാൻ തത്വത്തിൽ തീരുമാനമാവുകയും രസീത് ബുക്ക് അടിച്ച് പിരിവ് തുടങ്ങിയെങ്കിലും അത് തുടങ്ങിയിടത്ത് തന്നെ അവസാനിക്കുകയുമാണ് ഉണ്ടായത്. തുടർന്ന് വയനാട് സമ്മേളനത്തിൽ ശ്രീ. എം.എം. പ്രേമാനന്ദൻ ജനറൽ സെക്രട്ടറി ആവുകയും അന്നത്തെ സംസ്ഥാന പ്രസിഡന്റായിരുന്ന ശ്രീ. സലിം K. M. S. C. L. ൽ ഡെപ്യൂട്ടേഷൻ ലഭിച്ച് പോയതിനാൽ സംസ്ഥാന വൈസ് പ്രസിഡന്റായി

രുന്ന വിജയകുമാർ സംസ്ഥാന പ്രസിഡന്റ് ആയ ശേഷം ആണ് ബിൽഡിംഗ് ഫണ്ട് വിഷയത്തിൽ പുത്തൻ ഉണർവ്വ് വന്നത്. വളരെ സൗമ്യനും ഉത്തരവാദിത്വബോധവുമുള്ള എം.കെ. പ്രേമാനന്ദനോട് എന്ത് ത്യാഗം സഹിച്ചിട്ടാണെങ്കിലും നമുക്ക് സ്വന്തമായിട്ട് ഒരു ആസ്ഥാന മന്ദിരം ഉണ്ടാക്കിയേ പറ്റൂ എന്ന ഒരു നിർദ്ദേശം വച്ചു. അതിന് അദ്ദേഹം എനിക്ക് തന്ന മറുപടി: "നമുക്ക് എല്ലാം ശരിയാക്കാം. ആദ്യം നാം ഏറ്റെടുക്കേണ്ട ദൗത്യം ശമ്പള പരിഷ്ക്കരണം (Pay Commission) നേടി എടുക്കുക എന്നുള്ളതാണ്. അതിൽ നാം വിജയം കണ്ടാൽ ബാക്കി എല്ലാം കൂടെ പോരും" എന്നാണ്. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ചിട്ടയായ ഹോം വർക്കോടുകൂടി നല്ല രീതിയിൽ ശമ്പള കമ്മീഷ (Pay Commission) നെ സമീപിക്കുകയും ചില സുഹൃദ്വലയം വഴി നടത്തിയ ചില വ്യക്തിപരമായ ഇടപെടലുകളും ഫലം കണ്ടപ്പോൾ നമുക്ക് വലിയ കുഴപ്പമില്ലാത്ത ശമ്പള പരിഷ്ക്കരണം ലഭിക്കുകയും ചെയ്തു.

ശമ്പള പരിഷ്ക്കരണ ഉത്തരവാദിത്വത്തിനു ശേഷം ശ്രീ. പ്രേമാനന്ദൻ റിട്ടയർ ചെയ്ത് സംഘടനയിൽ നിന്നും പോയെങ്കിലും അദ്ദേഹത്തിന്റെ വിലപ്പെട്ട നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് ഞാനും പിന്നീട് വന്ന ജനറൽ സെക്രട്ടറിയായ ശ്രീ. മനോജ് കുമാറും മറ്റ് സംസ്ഥാന കമ്മിറ്റി അംഗങ്ങളും അരയും തലയും മുറുക്കി രംഗത്ത് ഇറങ്ങുകയും ഇന്ന് അതിന്റെ ഫലപ്രാപ്തിയിൽ എത്തിയിരിക്കുകയുമാണ്. ആദ്യം നാം വഞ്ചിയൂരിൽ ഒരു ഫ്ളാറ്റ് 24 ലക്ഷം രൂപയ്ക്ക് വാങ്ങാം എന്ന തീരുമാനത്തോടെ സമാഹരണം തുടങ്ങിയെങ്കിലും തുടർന്ന് നടന്ന അന്വേഷണത്തിൽ പ്രസ്തുത കെട്ടിടത്തിന് കോർപ്പറേഷൻ രജിസ്ട്രേഷൻ ലഭിക്കില്ല എന്ന് മനസ്സിലാക്കിയതിനാൽ അത് ഒഴിവാക്കി നാം ഇപ്പോൾ വാങ്ങിച്ച തിരുവനന്തപുരം DHS ന് സമീപമുള്ള 1½ സെന്റിൽ 1200 സ്ക്വയർ ഫീറ്റിലുള്ള മൂന്നുനില കെട്ടിടത്തിലേക്ക് എത്തിപ്പെടുകയായിരുന്നു. എന്തുതന്നെ ആയാലും ഈ മന്ദിരം നമുക്ക് എന്നും ഒരു അഭിമാനസ്തംഭം തന്നെയായിരിക്കും. അതുപോലെതന്നെ മൺമറഞ്ഞുപോയ നമ്മുടെ അഭിമാനങ്ങളായ അടിയോടി സാറിനെപ്പോലെയും വൽസരാജ് സാറിനെപ്പോലെയും ഉള്ള നേതാക്കൻമാരുടെ ഓർമ്മക്കൂടാരവും ആയിരിക്കും എന്നുള്ളതിൽ സംശയം ലവലേശമില്ല. ഇതിന്റെ ഫലപ്രാപ്തിയിലേക്ക് എത്തിക്കാൻ അഹോരാത്രം പരിശ്രമിച്ച എല്ലാ സംസ്ഥാന – ജില്ലാ നേതാക്കൻമാർക്കും ഇതിൽ സഹകരിച്ച മുഴുവൻ ഫാർമസിസ്റ്റ് സുഹൃത്തുക്കൾക്കും ഒരായിരം നന്ദി.

മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ പുതിയ നിയമനങ്ങൾ നടക്കുന്നു. നീണ്ട കാത്തിരിപ്പിന് ശേഷം സ്ഥിരമായ തസ്തികകൾ നിറയുകയാണ്.അതോടൊപ്പം ഉയർന്നുവരേണ്ട തസ്തികകളിൽ പക്ഷെ പേരിന് പോലും തസ്തികകൾ ഡെന്റൽ കോളേജുകളിൽ നിർണ്ണയിക്കാൻ മറന്നു പോയി എന്നത് ഖേദകരമാണ്. അധികാരം കൈയ്യടിക്കിവെച്ചവർ ഫാർമസി മേഖലയിലെ കോടതി ഉത്തരവുകളെ മാനിക്കാൻ തയ്യാറാവണം. പേരെടുത്ത ആധുനിക ചികിത്സാ കേന്ദ്രങ്ങളിലെ അടിസ്ഥാന നീതിക്കായ് നാം ഏതറ്റം വരെയും പോരാടേണ്ടതുണ്ട്. ദന്ത ചികിത്സി മേഖലയിൽ ഫാർമസി എന്നത് നഗ്നമായ നിയമ ലംഘനങ്ങളുടെ കേന്ദ്രമായിക്കൂടാ. പുതിയതായി രൂപീകൃതമായ പല മെഡിക്കൽ കോളേജുകളിലും കോടിക്കണക്കിന് രൂപയുടെ ഉപകരണങ്ങളും, മരുന്നും സ്റ്റോർ കസ്റ്റഡിയൻമാരുടെ കൈകളിലൂടെ തന്നെ കടന്നു പോവുന്നു എന്നും യഥാവിധി DDMS വഴി താഴെ തട്ടിലേക്ക് എത്തുന്നു എന്നതിനും പുതിയ പോസ്റ്റുകൾ അനുവദിക്കപ്പെട്ടേ പറ്റൂ....

# ഉണർവ്വോടെ മുന്നോട്ട്...



**മനോജ്കുമാർ എം.എസ്.**
ജനറൽ സെക്രട്ടറി

**നാ**മമാത്രമായ ഒരു സംഖ്യയാണെങ്കിലും '52' എന്നതിന് വലിയ പ്രാധാന്യം ഉണ്ട്. പുതിയതായി രൂപീകരിച്ച 'ആർദ്രം' കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജോലിഭാരം പങ്കുവയ്ക്കണമെങ്കിലും ഉത്തരവാദിത്വങ്ങൾ ചുമതലാപരമായി പങ്കുവയ്ക്കണമെങ്കിലും 2 PSC ഫാർമസിസ്റ്റുകൾ വേണം. ഏവരും പ്രതീക്ഷിക്കുന്നത് രണ്ടാമത്തെ സ്ഥിരനിയമനം തന്നെയാണ്. താൽക്കാലികക്കാരെ നിയമിച്ച് തിരക്ക് കുറയ്ക്കാം എന്ന ഉപാധിയിൽ ചുറ്റിക്കറങ്ങാതെ എല്ലാ 'ആർദ്രം' FHC കളിലും തസ്തികകൾ 2, 3 എന്ന നിലവാരത്തിലേക്ക് ഉയർന്നുവരുവാൻ വേണ്ട ശ്രദ്ധയാണ് ഭരണാധികാരികൾ കാണിക്കേണ്ടത്. ഫാർമസി മേഖലയിലെ ജോലിഭാരം എന്നത് ഇനിയും എത്രയോ തസ്തിക നിർമ്മാണത്തിലൂടെ മാത്രമേ കുറുക്കഴിയുകയുള്ളൂ എന്ന ബോധ്യങ്ങളോട് ആരോഗ്യവകുപ്പിലെ എല്ലാ തട്ടിലെയും ജീവനക്കാർക്ക് ബോധ്യമുള്ളതാണ്.

പാരാമെഡിക്കൽ എന്ന ശീർഷകത്തിൽ ഫാർമസിസ്റ്റുകൾ വരുമോ എന്ന ചോദ്യം ചോദിക്കാൻ തുടങ്ങിയിട്ട് കാലങ്ങളായി. ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ അടക്കം ഫാർമസി സർവ്വീസ് എന്ന തലക്കെട്ടോടെയാണ് നമ്മൾ പ്രത്യക്ഷപ്പെടാറ്. താലൂക്ക്തല സ്ഥാപനങ്ങളിലെ തിരക്കുകളിൽ ഒരു സമാധാനം എന്ന നിലയിൽ ട്രെയിനികളെ ഉപയോഗപ്പെടുത്തുന്നതോടൊപ്പം അവർക്ക് വേണ്ട അറിവുകൾ പകർന്നു നൽകുന്നതിലും നമ്മൾ ജാഗ്രത കാട്ടാറുണ്ട്. വലിയ വില കൊടുത്ത് വാങ്ങിക്കേണ്ട അറിവുകൾ എന്ന നിലയിൽ ഫീസുകൾ പരിഷ്ക്കരിക്കുമ്പോൾ ആരൊക്കെയാണ് പാരാമെഡിക്കൽ ജീവനക്കാർ എന്ന ചോദ്യം സ്വാഭാവികമായും ഉയരും. അമിതമായ ഫീസ് വർദ്ധന പിൻവലിക്കാൻ വേണ്ട നടപടികൾ സർക്കാർ കൈക്കൊള്ളുകയും മറിച്ച് അവർക്ക് 3 മാസം സ്റ്റൈപ്പന്റ് നൽകാൻ നടപടി സ്വീകരിക്കുകയാണ് വേണ്ടത്.

ശമ്പള പരിഷ്കരണ അനോമലികൾ പൊതു ചർച്ചയ്ക്ക് വിധേയമാക്കി ഇനം തിരിച്ച് മുൻഗണനാക്രമത്തിൽ സമർപ്പിച്ചിട്ടുണ്ട്. തുടക്കക്കാർ ഒരേ ശമ്പള നിരക്കിൽ വരുന്നത് സംബന്ധിച്ചും ഇനിയും പേരുമാറാത്ത തസ്തികകളുടെ പുനർ നാമകരണം സംബന്ധിച്ചും നിവേദനം നൽകിയിട്ടുണ്ട്. സെപ്റ്റംബർ 25 ലോക ഫാർമസിസ്റ്റ് ദിനം പ്രമാണിച്ച് സംസ്ഥാനതലത്തിൽ തന്നെ KGPA പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ജില്ലാ കമ്മറ്റികൾ തനതായി തുടർ വിദ്യാഭ്യാസ ക്ലാസ്സുകൾ അടക്കം നടത്തി ലോകദിനത്തിന് മോടി കൂട്ടി. ഡോക്ടേഴ്സ് ദിനം / നേഴ്സ് ദിനം എന്നിവ പോലെ സമൂഹത്തിൽ ഓർമകളുടെയും അംഗീകാരത്തിന്റെയും ചലനം ഉണ്ടാക്കിയെടുക്കാൻ ഓരോ സെപ്റ്റംബർ 25 നും സാധിക്കണം. മേഖല / സ്ഥാപന തലത്തിൽ ഭാവനാപൂർണ്ണമായ കൂടിച്ചേരലുകൾ നടന്ന് ആരോഗ്യസന്ദേശങ്ങളും മരുന്നറിവുകളും താഴെ തട്ടിലേക്ക് പടർത്തി നനക്കാൻ ഓരോ ഫാർമസിസ്റ്റും തയ്യാറാവണം.

ഒക്ടോബർ 26 MNVG അടിയോടി ദിനം സമാന സംഘടനകളുമായി ചേർന്ന് കോഴി

ക്കോട് പന്തീരാങ്കാവിലുള്ള സ്മൃതിമന്ദിരത്തിലെത്തി സമുന്നതനായ നേതാവിന് ആദരാഞ്ജലികൾ അർപ്പിച്ച് പുതിയതായി പണികഴിപ്പിച്ച സ്മൃതിമന്ദിരത്തിൽ സംഘടനാ പ്രതിനിധികൾ മഹാനുഭാവന്റെ ഓർമകൾ പങ്കുവച്ചു. പുതിയ തലമുറയ്ക്ക് അടിയോടി സാറിനെ പറ്റി കൂടുതൽ അറിയാൻ തക്കവണ്ണം ഒരു ലേഖനം ഈ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. തലമുറകൾക്ക് വെളിച്ചമായി പടരേണ്ട ദീപ്തമായ ഓർമയ്ക്ക് മുന്നിൽ നിരവധി പേർ അന്ന് ബാഷ്പാഞ്ജലികളോടെ നിന്നു. അദ്ദേഹത്തിന്റെ വീട്ടുകാരുമായി സൗഹൃദം പുതുക്കാനും കുടുംബത്തിലെ പുതിയ തലമുറയുമായി ഓർമകൾ പങ്കുവയ്ക്കാനും സാഹചര്യം ഉണ്ടായി.

സംഘടനാ പ്രവർത്തനം ലഘൂകരിച്ച ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഉണർവ് ഉണ്ടാകാൻ നിരവധി പ്രവർത്തകരെ കണ്ട് സംസാരിക്കാനും അനവധി പേരെ നേരിൽ കണ്ട് പ്രവർത്തനം വിലയിരുത്താനും ഫോൺ വഴി ബന്ധം സ്ഥാപിക്കാനും അധികം സമയം മാറ്റി വയ്ക്കണം. നിരവധി മികച്ച പ്രവർത്തകർ ഈ ജില്ലകളിൽ ഉണ്ട്. എങ്കിലും മികച്ച ഏകോപനം സാധ്യമാവാതെ പോവുന്നത് സംഘടനാ വളർച്ചയ്ക്ക് വിഘാതമാവുന്നു.

2022 വർഷത്തേക്കുള്ള മെമ്പർഷിപ്പ് പ്രവർത്തനങ്ങൾ ആരംഭിക്കണം. 2021 ൽ പല ജില്ലകളും ധനസമാഹരണം നടത്തിയത് ബിൽഡിംഗ് ഫണ്ട് എന്ന നിലയിലാണ്. ശമ്പള പരിഷ്കരണം അടക്കം നിരവധി നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ നമുക്കായി എന്ന ഓർമയിൽ കൂടുതൽ ആവേശത്തോടെ പങ്കാളിത്തത്തോടെ മെമ്പർഷിപ് ക്യാമ്പയിൻ പൂർത്തീകരിക്കണം. ജില്ലാ സെക്രട്ടറി / പ്രസിഡന്റ് എന്നിവർ നേരിട്ട് ചെന്ന് പ്രവർത്തകരെ കണ്ട് പ്രവർത്തന ഫണ്ട് സമാഹരിക്കണം. അംഗങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കുകയും കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും വേണം. നേരിട്ടുള്ള ഇടപെടലുകളിലൂടെ സംഘടനാ പ്രവർത്തനം കൂടുതൽ സുതാര്യമാവുകയാണ് ചെയ്യുന്നത്.

കോവിഡ് ബ്രിഗേഡ് പിരിച്ചുവിട്ടപ്പോൾ CFLTC കളുടെ പ്രവർത്തനങ്ങൾ മാത്രമല്ല തടസ്സപ്പെട്ടത്, ആശുപത്രിയിലെ അടിസ്ഥാന ജോലിക്കാർ മുതൽ ഡോക്ടർമാർ വരെ അതിൽ പെട്ടപ്പോൾ അത് പൊതു ആരോഗ്യ രംഗത്ത് സൃഷ്ടിച്ച നടുക്കം വലുതായിരുന്നു. ഭാരിച്ച സാമ്പത്തികഭാരം ഏറ്റെടുക്കാൻ സംസ്ഥാനത്തിന് കഴിവില്ല എന്ന നിലയിലും മികച്ച സേവനം നൽകി സന്നദ്ധ ഘട്ടത്തിൽ സേവനം നൽകിയവർക്ക് ഇനി വരാവുന്ന ഒഴിവുകളിൽ കൂടുതൽ പരിഗണന നൽകേണ്ടതാണ്. ഓരോ ജില്ലകളിലും 30 ലേറെ ഫാർമസിസ്റ്റുകൾ പിരിച്ചുവിടപ്പെട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കയറിയിറങ്ങി പകരക്കാരനെ തേടേണ്ട അവസ്ഥയാണ് ഇപ്പോൾ. ദേശീയ ആരോഗ്യ ദൗത്യം നിയമനങ്ങളിൽ കൂടുതൽ ഫാർമസിസ്റ്റുകളെ ഉൾപ്പെടുത്തണം. ആരോഗ്യമേഖലയുടെ ശാക്തീകരണത്തിന് നിലവിൽ സൃഷ്ടിച്ച 10,000 തസ്തികകൾക്ക് മുകളിൽ കൂടുതൽ പ്രതീക്ഷകൾ ഉണ്ടാവണം.

പുതിയതായി നിയമിതനായ KMSCL ജനറൽ മാനേജരെ കണ്ട് നിവേദനം നൽകി. 1½ മണിക്കൂർ അദ്ദേഹവുമായി KMSCL മരുന്ന് വിഷയത്തിൽ/മരുന്ന് വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു. വർഷങ്ങളായി ഉന്നയിക്കപ്പെട്ടുകൊണ്ടിരുന്ന മാറ്റം വേണ്ടതായ നിരവധി വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. പല കാര്യങ്ങളിലും മാറ്റം ഉണ്ടാക്കാം എന്ന ഉറപ്പും നമുക്ക് ലഭിച്ചിട്ടുണ്ട്. ചർച്ചകളെ പോസിറ്റീവായി കാണുന്ന പുതിയ ജനറൽ മാനേജറിൽ നിന്ന് കൂടുതൽ തീരുമാനങ്ങൾ തീർച്ചയായും പ്രതീക്ഷിക്കാം.

എറണാകുളത്ത് ഡിസംബർ 4 ന് സംസ്ഥാന കൗൺസിൽ ചേർന്നു. സംഘടനയുടെ ബൈലോ ഭേദഗതിയുമായി ബന്ധപ്പെട്ട പൊതു ചർച്ചയിലൂടെ ഏകീകൃതവും കാലാനുയോജ്യവുമായ ഭേദഗതികൾ കൂട്ടിച്ചേർത്തു. ആസ്ഥാന മന്ദിര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അഭിപ്രായങ്ങൾ രൂപീകരിച്ചു.



# എം. എൻ. വി. ജി. അടിയോടി

# സ്മരണ; ചിരസ്മരണ



**കെ. പവിത്രൻ**

(മുൻ സ്റ്റേറ്റ് വൈസ് പ്രസിഡന്റ്

കേരളത്തിലെ ഫാർമസി മേഖലയുടെ നവോത്ഥാന നായകനായിരുന്നു 'എം. എൻ. വി. ജി.' എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന എം. എൻ. വേണുഗോപാലൻ അടിയോടി. തീർത്തും മുരടിച്ച് നിൽക്കുകയായിരുന്ന ഫാർമസി മേഖലയെ പുത്തൻ ആശയങ്ങളും ചടുലമായ കർമ്മശേഷിയുംകൊണ്ട് കൈപിടിച്ചുയർത്തിയ അദ്ദേഹത്തിന്റെ ബഹുമുഖ കഴിവുകളെ ആരാധനയോടെയാണ് ഇന്ത്യൻ ഫാർമസി സമൂഹം സ്മരിക്കുന്നത്.

1967 ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിച്ച സംസ്ഥാനത്തെ ആദ്യത്തെ ഫാർമസി ഡിപ്ലോമ കോഴ്സിന്റെ ആദ്യബാച്ച് വിദ്യാർത്ഥിയായിരുന്ന എം. എൻ. വി. ജി. യിൽ അന്തർലീനമായ സംഘടനാബോധം, അന്ന് തന്നെ സഹപാഠികൾ തിരിച്ചറിഞ്ഞിരുന്നു. പഠിച്ചിറങ്ങിയ ഉടനെതന്നെ സർക്കാർ സർവ്വീസിൽ നിയമിതനായ അദ്ദേഹമാണ് കേരള ഗവ. ഡിപ്ലോമ ഫാർമസിസ്റ്റ്സ് അസ്സോസിയേഷന് രൂപം നൽകിയത്. ഒരു മേഖലയിൽ രണ്ട് സംഘടനകൾ ഗുണകരമല്ലെന്ന തിരിച്ചറിവിൽ, അന്ന് നിലവിലുണ്ടായിരുന്ന കേരള ഗവ. ഫാർമസിസ്റ്റ്സ് അസ്സോസിയേഷനുമായി ലയിക്കുകയാണുണ്ടായത്. അധികം താമസിയാതെ, ചെറുപ്രായത്തിൽത്തന്നെ അതിന്റെ അമരത്തെത്തുകയും ചെയ്തു. ഫാർമസിസ്റ്റുമാരുടെ നന്മയ്ക്കും ഫാർമസി മേഖലയുടെ സർവ്വതോന്മുഖമായ ഉന്നമനത്തിനുമായി അന്നു മുതൽ ആരംഭിച്ച നിരന്തര പോരാട്ടങ്ങൾ ജീവിതാവസാനം വരെ തുടരുകയും ചെയ്തു.

സർവ്വീസ് സംഘടനാരംഗത്ത് മാത്രമല്ല, ഫാർമസിയുമായി ബന്ധപ്പെട്ട ഇതര മേഖലകളിലുമുള്ള ക്രിയാത്മകമായ ഇടപെടലുകൾ അദ്ദേഹത്തിന്റെ തീക്ഷ്ണമായ സംഘടനാബോധത്തിന്റെ നിദർശനമാണ്. അടിയന്തരാവസ്ഥക്കാലത്ത് പോലും ഡ്രഗ്സ് ആക്ട് 65(15)C പുനഃസ്ഥാപിക്കുന്നതിനെതിരെ ഫാർമസി വിദ്യാർത്ഥികളെ സമരരംഗത്തേക്കിറക്കിയും സർക്കാർ സർവ്വീസിൽ അധിക തസ്തികകൾ സൃഷ്ടിക്കപ്പെടുന്നതിന് തൊഴിൽരഹിത ഫാർമസിസ്റ്റുമാരെ സമരസജ്ജമാക്കിയും സ്വകാര്യമേഖലയിലെ ഫാർമസിസ്റ്റുമാരെ അവകാശബോധമുള്ളവരാക്കിയും അദ്ദേഹം യുവതലമുറയെ ചേർത്തുനിർത്തി. 1961 ലെ സ്റ്റാഫ് പാറ്റേൺ പ്രകാരം 1980 ൽ 108 തസ്തികകൾ സൃഷ്ടിക്കപ്പെട്ടത് ഫാർമസി സർവ്വീസിലെ വിപ്ലവകരമായ മാറ്റമായി പ്രകീർത്തിക്കപ്പെടുന്നു. ADPS, SVO, SS തസ്തികകൾ സൃഷ്ടിക്കപ്പെട്ടത് ഫാർമസിസ്റ്റുകളുടെ വകുപ്പ് തല തുടർ വിദ്യാഭ്യാസ പരിപാടി തുടങ്ങി നിരവധി നേട്ടങ്ങൾക്ക് പുറകിലും അദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമമുണ്ടായിരുന്നു. സർവ്വീസിലുള്ള ഫാർമസിസ്റ്റുകളുടെ തൊഴിൽ നിലവാരമുയർത്തുന്നതിനും ഫാർമസി സർവ്വീസ് ജനനന്മയ്ക്കാണെന്ന സന്ദേശം സമൂഹമദ്ധ്യത്തിൽ സ്ഥാപിക്കപ്പെടുന്നതിനും അദ്ദേഹത്തിന്റെ അശ്രാന്ത ശ്രമങ്ങൾ ഫലം കാണുകതന്നെ ചെയ്തു. ഫാർമസിസ്റ്റു

മാർക്ക് ഇന്ന് ലഭിച്ചുവരുന്ന അംഗീകാരവും ജന സമ്മതിയും അതിന്റെ ഫലമായിട്ടുകൂടിയാണ്.

എം. എൻ. വി. ജി. യുടെ സംഘാടകമിക വിന്റേയും സാർത്ഥകമായ ഇടപെടലുകളു ടേയും ഫലമായാണ് കേവലം കൊച്ചുസംഘ ടനയായ കെ.ജി.പി.എ. ഒരു പ്രബല സർവ്വീസ് സംഘടനയായി രൂപാന്തരപ്പെട്ടത്. അദ്ദേഹ ത്തോടൊപ്പം പ്രവർത്തിച്ചവരൊക്കെ ആ ഊർജ്ജസ്വലത അനുഭവിച്ചറിഞ്ഞവരാണ്. അക്കാലത്ത് പാതിരാവോളം നീളുന്ന സംഘ ടനായോഗങ്ങളിൽ ഉയരുന്ന വിരുദ്ധാഭിപ്രായ ങ്ങളൊക്കെ അദ്ദേഹത്തിന്റെ ഉപസംഹാര ത്തോടെ അലിഞ്ഞില്ലാതാകുന്നതും അദ്ദേഹ ത്തിന്റെ വീക്ഷണങ്ങൾ സർവ്വഥാ അംഗീകരി ക്കപ്പെടുന്നതും ചേതോഹരമായ ഒരു കാഴ്ച തന്നെയായിരുന്നു. അത്രയും ശക്തിമത്തായി രുന്നു, ആ വ്യക്തിപ്രഭാവം.

കെ.ജി.പി.എ. യുടെ സാരഥ്യത്തിൽ തുടർച്ചയായി പ്രവർത്തിച്ചതിനുശേഷം മറ്റുള്ള വർക്കായി സ്വയം സ്ഥാനമൊഴിഞ്ഞുവെങ്കിലും സർവ്വീസിലുള്ള കാലത്തോളം കെ. ജി. പി. എ. സംസ്ഥാന നേതൃത്വത്തിന്റെ ഭാഗമായി ത്തന്നെ അദ്ദേഹം നിലകൊണ്ടു എന്ന് മാത്രമ ല്ല, സംഘടന എടുത്ത എല്ലാ സുപ്രധാന തീരു മാനങ്ങളുടേയും ചാലകശക്തിയായി വർത്തി ക്കുകയും ചെയ്തു.

എല്ലാവരേയും ഹഠാദാകർഷിക്കുന്നതായി രുന്നു അദ്ദേഹത്തിന്റെ സൗമ്യ സ്വഭാവ സവി ശേഷത. എന്ത് പ്രകോപനങ്ങളുണ്ടായിരു ന്നാലും അചഞ്ചലമായിരുന്നു, ആ മനസ്സ്. പ്രതിഭാധനരായവരെ കണ്ടെത്തി നേതൃനിരയി ലേക്ക് കൈപിടിച്ചുയർത്താൻ എന്നും ഔത്സുക്യം കാണിച്ചിട്ടുണ്ട്. 1980 ന് ശേഷം സംഘടനയ്ക്ക് നവോന്മേഷം പകർന്ന യുവ നേതൃത്വനിര അദ്ദേഹത്തിന്റെ കണ്ടെത്തലുക ളായിരുന്നു.

അദ്ദേഹം നിലകൊണ്ടത് ഫാർമസിസ്റ്റു കൾക്ക് വേണ്ടി മാത്രമായിരുന്നില്ല. അടിമ സ മാനമായ പീഡനങ്ങൾക്ക് വിധേയരായിരുന്ന ആരോഗ്യവകുപ്പ് ജീവനക്കാരെ മൊത്തം സംഘടിപ്പിക്കാനും സമരസജ്ജമാക്കാനും അദ്ദേഹം മുൻകയ്യെടുത്തു. കെ.ജി.എം.ഒ.എ. പ്രസിഡന്റ് ഡോ. വി. സി. വേലായുധൻ പിള്ള ചെയർമാനും എം.എൻ.വി.ജി. അടിയോടി ജന റൽ കൺവീനറുമായി രൂപീകരിക്കപ്പെട്ട ശേഷം ഹോസ്പിറ്റൽ കോ-ഓർഡിനേഷൻ കമ്മിറ്റി യുടെ ആഭിമുഖ്യത്തിൽ നടത്തിയ ഉജ്ജ്വല മുന്നേറ്റം ആരോഗ്യമേഖലയിൽ ഒരു പുത്തനു ണർവ്വ് പകർന്നു. കേരളത്തിലെ എല്ലാ പ്രധാന ആരോഗ്യ സ്ഥാപനങ്ങളേയും സഞ്ചാരപഥ ത്തിലുൾപ്പെടുത്തി നയിക്കപ്പെട്ട വാഹനജാഥ സമാനതകളില്ലാത്ത സംഘാടക മികവിനുദാ ഹരണമായിരുന്നു. മേജർ സംഘടനകളുടെ കണ്ണിലെ കരടായി മാറിയ ആ സംവിധാനം അംഗസംഘടനകളിലെ വിഭാഗീയത കാരണം തകർക്കപ്പെടുകയാണുണ്ടായത്.

സംസ്ഥാന ഫാർമസി കൗൺസിൽ 1964 ൽ രൂപീകരിക്കപ്പെട്ടതിന് ശേഷം തെരഞ്ഞെ ടുപ്പ് നടത്താതെ നോമിനേറ്റഡ് അംഗങ്ങൾ ചേർന്ന് ദുർഭരണം നടത്തിക്കൊണ്ടിരിക്കയാ ണെന്ന വസ്തുതയും കൗൺസിൽ വർക്കിങ്ങ് ഫാർമസിസ്റ്റുകളുടെ കയ്യിലെത്തിയാൽ ഫാർമ സിസ്റ്റ് സമൂഹത്തിനുണ്ടാകുന്ന അനന്ത സാധ്യ തകളേയും കുറിച്ച് സംഘടനാവേദികളിൽ ആദ്യമായി അവതരിപ്പിച്ചതും മറ്റാരുമായിരുന്നി ല്ല. തുടർന്ന് രൂപംകൊടുത്ത ഐതിഹാസിക സമരത്തിന്റെയും കണിശതയാർന്ന കരുനീക്ക ങ്ങളുടേയും ഫലമായാണ് ഫാർമസി കൗൺസിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാനി ടയായത്. 1988 ൽ നടന്ന തെരഞ്ഞെടുപ്പിൽ കച്ചവടമാഫിയയെ നിലംപരിശാക്കി, കൗൺസിൽ വർക്കിംഗ് ഫാർമസിസ്റ്റുകളുടെ കയ്യിൽ വന്നുചേർന്നു. തെരഞ്ഞെടുക്കപ്പെട്ട ആദ്യപ്രസിഡന്റായ എം. എൻ. വി. ജി. യുടെ ക്രാന്തദർശിത്വവും ദീർഘവീക്ഷണവും പ്രക ടമായ പ്രവർത്തനങ്ങളായിരുന്നു. തുടർന്ന ങ്ങോട്ട് ചുരുങ്ങിയ കാലത്തിനിടയിൽ ഏറ്റവും

മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്ഥാപനമായി നമ്മുടെ കൗൺസിലിനെ മാറ്റിയെടുത്തു. ഡ്രഗ്സ് കൺട്രോൾ ഓഫീസിന്റെ വരാന്തയിൽ പ്രവർത്തിച്ചിരുന്ന ഓഫീസിന് സ്വന്തമായി മൂന്നുനില കെട്ടിടമുണ്ടായതിന്റെ മുഴുവൻ ക്രെഡിറ്റും അദ്ദേഹത്തിനവകാശപ്പെട്ടത് തന്നെ.

അദ്ദേഹത്തിന്റെ കർമ്മപഥത്തിലെ തിളങ്ങുന്നൊരേടായിരുന്നു ഇന്ത്യൻ ഫാർമസി കൗൺസിൽ അംഗത്വം. ഫാർമസി മേഖലയിലെ ഉന്നതന്മാർ മാത്രം കയ്യടക്കിവച്ചിരുന്ന PCI യിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആദ്യ വർക്കിംഗ് ഫാർമസിസ്റ്റായിരുന്നു, എം. എൻ. വി. ജി. സ്വതസിദ്ധമായ ശൈലിയിൽ അദ്ദേഹമവതരിപ്പിക്കുന്ന ക്രിയാത്മകവും പുരോഗമനപരവും അപ്രതിരോധ്യവുമായ നിർദ്ദേശങ്ങളും വീക്ഷണങ്ങളും PCI ക്ക് അംഗീകരിക്കേണ്ടിവന്നു. ആ നിശ്ചയദാർഢ്യത്തിനും ഇച്ഛാശക്തിക്കും മുന്നിൽ മറ്റംഗങ്ങൾക്ക് മറുപടി ഉണ്ടാകാറില്ലായിരുന്നു. ഫാർമസി വിദ്യാഭ്യാസമേഖലയെ കറവപ്പശുവാക്കി ഭരണം നടത്തിയിരുന്ന PCI യെക്കൊണ്ട് വർക്കിംഗ് ഫാർമസിസ്റ്റുമാരുടെ പ്രശ്നങ്ങളിൽ ഇടപെടുവിക്കാൻ ഡോ. ആർ. എസ്. താക്കൂറിനൊപ്പം അദ്ദേഹം പ്രദർശിപ്പിച്ച നിതാന്ത ജാഗ്രത ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ആ പ്രവർത്തനങ്ങളാണ് അദ്ദേഹത്തെ ഇന്ത്യയിലെ മുഴുവൻ ഫാർമസിസ്റ്റുകളുടേയും പ്രിയങ്കരനാക്കിത്തീർത്തത്. ഇന്ത്യൻ ഫാർമസി രംഗത്ത് അദ്ദേഹത്തിനുള്ള അനിഷേധ്യത ബോധമായതിനാലാകാം, നേപ്പാളിൽ ഫാർമസി കൗൺസിൽ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ നിയോഗിക്കപ്പെട്ട നാലംഗ ഉന്നത സമിതിയിൽ അദ്ദേഹത്തേയും കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയത്.

ഇന്ത്യയിലെ മുഴുവൻ ഫാർമസിസ്റ്റ് സംഘടനകൾക്കുമായി ഒരു കേന്ദ്രഫെഡറേഷൻ എന്ന ആശയം മുന്നോട്ട് വച്ചതും പ്രാവർത്തികമാക്കിയതും എം. എൻ. വി. ജി. യും താക്കൂറുമായിരുന്നു. വിവിധ സംസ്ഥാനങ്ങളിലെ സംഘടനാനേതാക്കളുമായി ആത്മബന്ധമുണ്ടാക്കാനും അവരുടെയൊക്കെ ബഹുമാനാദരങ്ങൾ ആർജ്ജിക്കാനും FIPO രൂപീകരണം സഹായകരമായി. തന്റെ പ്രവർത്തന കാലയളവിലുടനീളം ഫാർമസി മേഖലയുടേയും സാധാരണ ഫാർമസിസ്റ്റുകളുടേയും ഉന്നമനത്തിനായുള്ള നവീനാശയങ്ങൾ മുന്നോട്ട് വച്ചുകൊണ്ടിരുന്നു. അത്തരത്തിലൊന്നായിരുന്നു ഫാർമസ്യൂട്ടിക്കൽ സൊസൈറ്റി ഓഫ് കേരളയുടെ രൂപീകരണം. അതിന്റെ ആഭിമുഖ്യത്തിൽ ഫാർമസി പഠനത്തിനും ഗവേഷണത്തിനുമായി ഒരു മികച്ച സ്ഥാപനം കെട്ടിപ്പടുക്കണമെന്ന സ്വപ്നം സഫലമാകാതെയാണ് അദ്ദേഹത്തിന്റെ വിടവാങ്ങൽ. അതിനായി കണ്ടെത്തിയ ഭൂമിയിൽത്തന്നെ അന്ത്യവിശ്രമം കൊള്ളണമെന്ന അദ്ദേഹത്തിന്റെ അഭിലാഷം, ഫാർമസി സമൂഹത്തെ അദ്ദേഹം എത്ര അഗാധമായാണ് പുണർന്നിരുന്നതെന്ന് ഒരു നൊമ്പരത്തോടെയേ ഓർക്കാനാകൂ.

കെ. ജി. പി. എ. യുടെ നേതൃപദവിയിൽ നിന്നും വിരമിച്ചതിന് ശേഷം നടന്നുകയറിയത് മേജർ സർവ്വീസ് സംഘടനയായ ജോയിന്റ് കൗൺസിലിന്റെ അമരത്തേക്കായിരുന്നു. സർവ്വീസ് സംഘടനാരംഗത്തെ തിളങ്ങുന്ന താരമാകാനും മൊത്തം സർക്കാർ ജീവനക്കാരുടെ ജിഹ്വയായി മാറാനും അധികകാലമൊന്നും വേണ്ടിവന്നില്ല. സിവിൽ സർവ്വീസ് അഴിമതി മുക്തമാക്കാനും പരിഷ്കരിക്കപ്പെടാനും ജോയിന്റ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അദ്ദേഹം നയിച്ച കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള കാൽനടജാഥ അവിസ്മരണീയമായിരുന്നു. സർവ്വീസ് സംഘടനകളുടെ അഖിലേന്ത്യാ കോൺഫെഡറേഷന്റെ ജനറൽ സെക്രട്ടറിയായും സി. പി. ഐ. ദേശീയ കൗൺസിൽ സ്ഥിരം ക്ഷണിതാവായും പ്രവർത്തിച്ചിട്ടുണ്ട്.

ഫാർമസിസ്റ്റുമാരുടെ മിശിഹായായി, ഒരു പുരുഷായുസ്സിനിടയിൽ ചെയ്തു തീർക്കേണ്ട

തൊക്കെ 57 വയസ്സിനുള്ളിൽ അദ്ദേഹം ചെയ്തുതീർത്തു. ഫാർമസി സർവ്വീസിലെ ഉന്നത പദവിയായ ADPS ആയി വിരമിച്ച് അധികം താമസിയാതെ രോഗത്തിനടിമപ്പെടുകയും 2006 ഒക്ടോബർ 26 ന് നമ്മോട് വിടപറയുകയും ചെയ്തു.

വിവേകം, ഇച്ഛാശക്തി, ദീർഘവീക്ഷണം, ഹൃദയവിശാലത, നേതൃപാടവം, തന്ത്രജ്ഞത തുടങ്ങി സർവ്വഗുണങ്ങളും സമഞ്ജസമായി സമ്മേളിച്ച അനിതരസാധാരണ വ്യക്തിത്വത്തിനുടമ – അദ്ദേഹത്തിന്റെ ചര്യകളൊക്കെ മാനവികതയിലധിഷ്ഠിതമായിരുന്നു. ഈ പരിപ്രേക്ഷ്യത്തിൽ നിന്ന് വേണം അദ്ദേഹം വിലയിരുത്തപ്പെടേണ്ടത്. ഒരനുകരണീയ മാതൃകയായി ഭാവിതലമുറയ്ക്ക് ഈ പ്രോജ്ജ്വല വ്യക്തിത്വത്തെ ചൂണ്ടിക്കാണിക്കാനുള്ള ഉത്തരവാദിത്വം നമ്മിലർപ്പിതമാണ്. ഓർമ്മദിവസം അടയാളപ്പെടുത്തിക്കൊണ്ടല്ല അദ്ദേഹത്തിന്റെ വീക്ഷണങ്ങളും സ്വപ്നങ്ങളും സാക്ഷാത്കരിക്കുന്നതിലൂടെയാണ് വരുംകാല തലമുറ ആ മഹത്‌വ്യക്തിത്വം സ്മരിക്കപ്പെടേണ്ടത്.

**കവിത**

# സമർപ്പണം

(26/10/2006 വ്യാഴാഴ്ച അന്തരിച്ച
ശ്രീ. എം.എൻ. വി. ജി. അടിയോടി സാറിനെ
അനുസ്മരിച്ച് കൊണ്ട് അന്ന് പത്തനംതിട്ട,
കടമ്മനിട്ട പി എച്ച് സി യിലെ ഗ്രേഡ് II ഫാർമസിസ്റ്റ്
ആയിരുന്ന **സരസ്വതി. കെ** എഴുതിയത്)

ഫാർമസിത്തറവാടിൻ
അകത്തളങ്ങളിൽ
നിറഞ്ഞുനിന്നൊരാ കാ-
ലടിപ്പാടുകൾ ..,.....
ആ .......കാലടിപ്പാടുകൾ

നാല് കെട്ടിനു ചുറ്റും
പടർന്നു പന്തലിച്ചുീ ഭിന്നമാം
വേഷങ്ങളിൽ നിറഞ്ഞും
നിന്നൊ-രാ...., ദേഹം ദേഹിയെ വിട്ടൊരു
പിടി ....ചന്ദന.... ത്തീ.....
നാളങ്ങളിൽ ചാരമായ് തീരവേ......
എന്റെയുള്ളി ലും ഒരഭിവന്ദ്യ
..... .ഗുരുവിന്

സ്മരണകൾ തീർത്ത വീരജ്വാല യാ....
ളിപ്പരുകയായിരുന്നു..................
അനശ്വരമായ്
പറന്നകന്നൊരാ പുണ്യാത്മാവോടൊന്നു
ചോദിച്ചു പോയി ഞാൻ
ഗദ്ഗദം തിങ്ങി ഇടറിയ നെഞ്ചാൽ....നിശബ്ദമായ്..

എന്തേ മറഞ്ഞു പോയ് കാലത്തിൻ-
യവനികയ്ക്കപ്പുറം ഇഹത്തിൽ -
ഇനിയുമേറെ ദൂരങ്ങൾ സ്വപ്നത്തിൻ
ചിറകിലേറി കാത്തിരിക്കേ............
യൊന്നും പറഞ്ഞിടാതിത്ര വേഗം.......??

അങ്ങ് തീർത്ത വിടവിൻ ആഴമറിയിക്കാതിവിടെ ...
യിനി....
ആരുണ്ടീ ........ത്തറവാടിനു
താങ്ങായെന്നറിയില്ല..,...
യെങ്കിലും
എരിഞ്ഞുതീരില്ലൊരു ചിതയിലും
അങ്ങ് കൊളുത്തിയ നേർവഴി
തെളിക്കും ദീപ നാളങ്ങൾ ഒരുനാളും...

അങ്ങുതൻ ആത്മാവിൽശാന്തി-
യേകിടുവാൻ നിത്യപ്രാർത്ഥന മാത്രം
ഒരു പിടി മിഴിനീർ പൂക്കളാലാ ........
പുണ്യ പാദങ്ങൾ താണ്ടിയ .... യീ...
വഴിയോരത്തു നിന്നും.............

കഥ

# കോറോണ കാലത്തെ പ്രണയം



**മനോജ് തൈത്തറ**
കുടുംബാരോഗ്യ കേന്ദ്രം, കൂളിമുട്ടം

വാക്സിനേഷൻ ക്യാമ്പിൽ നേരത്തായാണവർ വന്നത്... തുടക്കത്തിലെപ്പോഴോ വന്ന് ചുരുണ്ടുകൂടി ഈഴം കാത്തവൾ മാറിയിരുന്നു.... തിടുക്കപ്പെട്ട് ഓടി വന്ന് തള്ളുണ്ടാക്കി അവൻ എപ്പോഴോ വന്ന് ഇരുന്നത് അവൾക്കരികിലായിരുന്നു...

മാസക്കിനകത്ത് മുഖം മനസിലാവാത്ത രൂപം പോലെ ഒളിച്ചിരുന്നു.

ഇമകളിൽ ഒരു ആകർഷണം ആർക്കാണ് ആദ്യം തോന്നിയത്. കണ്ണുകണ്ട് പ്രണയം തോന്നിയത് കാലത്തിന്റെ പ്രത്യേകത കൊണ്ടാവാം. കോറോണ വന്നിട്ടുണ്ടോ എന്ന ചോദ്യമെ അവർക്ക് മുന്നിൽ ആദ്യം പിറവിയെടുത്തുള്ളൂ.മുഖം കാണാത്ത അവന്റെ ചോദ്യങ്ങൾക്ക് മുഖം അടച്ച് മറുപടി പറയാതെ കണ്ണുകളിലേക്ക് നോക്കിയവർ കോറോണ വരാത്ത ലോകത്തെയും... അവരുടെ ഭാവിയെയും സ്വപ്നം കണ്ടു,

കുത്തിവെപ്പിന് ശേഷമുള്ള കാത്തിരിക്കലിലാണ് അവർ പരസ്പരം മനസ് തുറന്നത്. വർക്ക് അറ്റ് ഹോമിലൂടെ നീണ്ട വിരസതകൾക്ക് മുഖം നോക്കി കാലത്തോട് അവർ കണക്ക് തീർത്തു...

പനിക്കാതിരിക്കാൻ നൽകിയ പാരസെറ്റമോൾ പരസ്പരം കൈമാറിയവർ കോറോണ കാലത്ത് പുറത്തേക്ക് ഒരുമിച്ചിറങ്ങി... വൈകിട്ട് പനിക്കോളിൽ അവനാണ് അവൾക്ക് ആദ്യം മെസേജ് അയച്ചത്. നിന്റെ തണുപ്പിൽ ഞാൻ പനിക്കാലത്തെ വരവേൽക്കുന്നു. കൂടെ പനിക്കാൻ എനിക്കും മോഹം എന്ന് അവളും."...

ഡെൽറ്റ ഒമിക്രോണായി രൂപമാറ്റം വരികയും.... സാമൂഹിക അകലം ഒരു ഏച്ചുകെട്ടായി സമൂഹത്തിൽ നടമാടുകയും.... ജാഗ്രത ഒരു ക്ലീഷേ ആയി അധപതിപ്പിക്കുകയും ചെയ്യുമ്പോഴല്ലാം അവർ പഴയ കാലറൂട്ട് മാപ്പുകളിലൂടെ സഞ്ചരിച്ച് പരസ്പരം അറിഞ്ഞു കൊണ്ടിരുന്നു..

ഇടക്ക് വന്ന കോറോണ പനിയിൽ പൾസ് ഓക്സിമീറ്ററിലെ മിടിപ്പ് അവന്റെ ഹൃദയമാണന്ന് അവൾക്ക് തോന്നി. സ്വാന്തന പ്രവാഹത്തിൽ അവന്റെ വേവലാതികൾക്ക് ഒച്ചയടഞ്ഞെങ്കിലും സെക്കന്റ് വച്ച് മറുപടി പറഞ്ഞവൾ ഉറങ്ങാതെയിരുന്നു... ജലദോഷ പനിയുമായി അവൻ അവൾക്ക് അകമ്പടി സേവിച്ചു..

അടുത്ത ഘട്ടം വാക്സിനേഷനവർ വന്നത് പിറ്റെ ദിവസത്തെ പനിക്ക് ശേഷം വീട്ടിൽ പ്രണയം പറഞ്ഞ് വിവാഹിതരാവാം എന്ന തീരുമാനത്തിലാണ്. സാമൂഹിക അകലം സമൂഹത്തിന് വിട്ടുകൊടുത്ത് അടുത്തിരുന്നവർ ഒരുമിച്ച് ഒരു വീട്ടിലെ വർക്ക് അറ്റ് ഹോമിനെ പറ്റി പറഞ്ഞുകൊണ്ടിരുന്നു....

കോറോണ കാലത്തെ പ്രണയങ്ങൾക്ക് അടച്ചിടലിന്റെ മധുവിധു നേർന്ന് ആരോഗ്യ പ്രവർത്തകർ അവരെ യാത്രയാക്കി.... സാനിട്ടൈസറിന്റെ കുപ്പിയെ തൊട്ട് വണങ്ങി ലോകവ്യാധി കാലത്ത് ജിവിതം മാസ്ക്കിന് പുറത്തും അനുഭവിക്കാം എന്ന് ഉറപ്പിച്ച് ... മാസ്ക്കുകൾ പരസ്പരം കൈമാറി രോഗത്തെ വെല്ലുവിളിച്ച് അവർ .... കോവിഷീൽഡിന്റെ ഉറപ്പിൽ അവർക്ക് മാത്രമറിയുന്ന പ്രണയത്തിന്റെ പുതിയ വകഭേദത്തെ തേടി പുറത്തേക്ക് നടന്നു.....



# രണ്ട് നിയമങ്ങൾക്കിടയിൽ ശ്വാസംമുട്ടുന്ന ഇന്ത്യൻ ഫാർമസിസ്റ്റുമാർ



**അഗസ്റ്റിൻ പി.പി.** (റിട്ട. SVO)
(KGPA മുൻ സംസ്ഥാന സെക്രട്ടറി)

'ചുമ്മാ പല പല വേഷങ്ങൾ കെട്ടിയി-
ന്നാത്മസ്വരൂപത്തെയോരാതെ യായി
ഞാൻ'
- പി. കുഞ്ഞിരാമൻ നായർ.

നമ്മുടെ രാജ്യത്തെ ഫാർമസി വിദ്യാഭ്യാസവും തൊഴിലും നിയന്ത്രിക്കുന്നതിനു വേണ്ടിയുള്ള നിയമമാണ് 1948ലെ ഇന്ത്യൻ ഫാർമസി നിയമം. (PHARMACY ACT 1948). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ, സംസ്ഥാന ഫാർമസി കൗൺസിലുകൾ എന്നിവയിൽ നിക്ഷിപ്തമാണ് അതിനുള്ള അധികാരം.

**ഇന്ത്യൻ ഫാർമസി കൗൺസിൽ**

ഫാർമസി വിദ്യാഭ്യാസം സംബന്ധിച്ച് വിശദമായ നയം രൂപീകരിക്കുകയും അവനടപ്പിലാക്കാൻ ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. വിദ്യാഭ്യസ പരിപാടികൾ നടത്തുന്ന കോളേജുകളുടെ നിലവാരം നിശ്ചയിക്കുകയും അവ പരിശോധിച്ച് അംഗീകാരം നൽകുകയും ചെയ്യുക. ഫാർമസിസ്റ്റായി റജിസ്ട്രേഷൻ ലഭിക്കുന്നതിനും ജോലി ചെയ്യുന്നതിനുമുള്ള വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുക. ഫാർമസി അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിക്കുക തുടങ്ങിയ സുപ്രധാന കാര്യങ്ങളെല്ലാം തീരുമാനിക്കുന്നതിനുള്ള പുർണമായ അധികാരം കൗൺസിലിൽ നിക്ഷിപ്തമാണ്. കൂടാതെ ഫാർമസി നിയമങ്ങളും വിദ്യാഭ്യാസ ചട്ടങ്ങളും നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതും കൗൺസിലിന്റെ ചുമതലയിൽപെടുന്നു. കേന്ദ്ര ഗവൺമെന്റ് അംഗീകാരത്തോടെ ഇക്കാര്യങ്ങൾക്കാവശ്യമായ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് ഫാർമസി നിയമത്തിലെ പത്താം വകുപ്പു കൗൺസിലിനെ അധികാരപ്പെടുത്തുന്നു.

**സംസ്ഥാന ഫാർമസി കൗൺസിൽ**

ഇന്ത്യൻ ഫാർമസി നിയമം വകുപ്പ് പത്തൊൻപത് അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളിലും ഫാർമസി കൗൺസിലുകൾ പ്രവർത്തിച്ചു വരുന്നു. അംഗീകൃത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ഫാർമസി രജിസ്ട്രേഷൻ നൽകുന്നത് സംസ്ഥാന കൗൺസിലാണ്. ഫാർമസി കൗൺസിൽ രജിസ്റ്ററിൽ പേരുള്ളവർക്കു മത്രമെ ഫാർമസിസ്റ്റായി ജോലി ചെയ്യുവാൻ പാടുള്ളു.

**ഫാർമസി നിയമം 42-ാം വകുപ്പ്**

ഫാർമസി നിയമത്തിലെ നാൽപ്പത്തിരണ്ടാം വകുപ്പ് പ്രകാരം ഒരു രജിസ്ട്രേഡ് ഫാർമസിസ്റ്റിനു മാത്രമെ ഒരു രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷനറുടെ പ്രിസ്ക്രിപ്ഷൻ അനുസരിച്ച് രോഗിക്കൊ അദ്ദേഹത്തിന്റെ ബന്ധുവിനൊ മരുന്നുകൾ ഡിസ്പെൻസ് ചെയ്യാൻ അധികാരമുള്ളൂ. ഇതിൽ ഒരു രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർ നേരിട്ട് സ്വന്തം രോഗിക്കൊ ഗവൺമെന്റ് അംഗീകാരത്തോടെ മറ്റൊരു ഡോക്ടറുടെ രോഗിക്കൊ നൽകുന്ന മരുന്നുകളെ മാത്രമെ ഒഴിവാക്കിയിട്ടുള്ളു. ഇതൊഴികെ രജിസ്ട്രേഡ് ഫാർമസിസ്റ്റല്ലാത്ത ആര് മരുന്നു ഡിസ്പെൻസ് ചെയ്താലും അത് ശിക്ഷാർഹമായ കുറ്റമാണ്.

രജിസ്ട്രേഡ് ഫാർമസിസ്റ്റ് അല്ലാത്ത ഒരാൾ അങ്ങിനെയാണെന്ന് അവകാശപ്പെട്ടാലും, കെമിസ്റ്റ്, ഡ്രഗ്ഗിസ്റ്റ് എന്നീ പേരുകൾ ഒറ്റയ്ക്കൊ കൂട്ടിച്ചേർത്തൊ ഉപയോഗിച്ചാലും ശിക്ഷാർഹമായ കുറ്റമാണ് (section 41).ഈ നിയമങ്ങൾ പാലിക്കുന്നുണ്ടൊ എന്ന് പരിശോധിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരത്തോടെ ആവശ്യമായ ഫാർമസി ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിന് സംസ്ഥാന ഫാർമസി കൗൺസിലിനെ ചുമതലപ്പെടു ത്തിയിരിക്കുന്നു. (Section 26A,PharmacyAct) ഇവരുടെ റിപ്പോർട്ട് അനുസരിച്ച് കുറ്റം ചെയ്തിട്ടുള്ളവരെ പ്രോസിക്യൂട്ട് ചെയ്ത് ശിക്ഷ ഉറപ്പാക്കുന്നതിനുള്ള അധികാരം കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. എന്നാൽ കഴിഞ്ഞ നാൽപ്പത്തിയാറു വർഷമായി ഫാർമസിസ്റ്റുമാരുടെ തൊഴിൽ (Pharmacy practice) സംരക്ഷിക്കാനുള്ള ചുമതലയും അധികാരവുമുള്ളതായി നമ്മുടെ രാജ്യത്തെ ഒരു സംസ്ഥാന ഫാർമസി കൗൺസിലുകളും ചിന്തിച്ചിട്ടേയില്ല. തങ്ങളുടെ നിയ മാനുസൃത കടമകൾ നിറവേറ്റു ന്നതിനു ഒരു പരിശ്രമവും നടത്താത്ത കൗൺസിലുകൾ വൻ പരാജയമാണ്. നാലു പതിറ്റാണ്ടിലധികമായി ഉപയോഗിക്കപ്പെടാതിരുന്ന ഈ നിയമങ്ങളെല്ലാം 'മൃത നിയമങ്ങൾ' (Dead Laws) ആയിത്തീർന്നു. അക്കാരണത്താലാണ് ഇന്ത്യൻ ഫാർമസി നിയമംപോലെ ഇത്രയും ശക്തവും സമഗ്രവുമായ പ്രത്യേക നിയമവും അത നടപ്പിലാക്കുന്നതിനാവശ്യമായ സംവിധാനങ്ങളും നിലവിലുള്ളപ്പോൾ ഇന്ത്യൻ ഫാർമസിസ്റ്റുമാരെ കേന്ദ്ര സംസ്ഥാന അരോഗ്യ സേവന രംഗത്തു നിന്നും ഇത്ര ക്രൂരമായി ഒഴിവാക്കാൻപറ്റുന്നത്.

ആരോഗ്യസേവനരംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും, നഴ്സ്മാർക്കും ഇതുപോലെ അവരുടെ വിദ്യാഭ്യാസവും തൊഴിലും നിയന്ത്രിക്കുന്നതിന് നിയമങ്ങളുണ്ട്. ഇവരുടെയെല്ലാം വിദ്യാഭ്യാസവും തൊഴിലും നിയന്ത്രിക്കുവാൻ കാലാനുസൃതമായി പരിഷ്ക്കരിക്കപ്പെട്ട ഒറ്റ നിയമം മാത്രമെയുള്ളു . എന്നാൽ ഇന്ത്യൻ ഫാർമസിസ്റ്റുമാർ അവരെ തകർത്ത് തരിപ്പണമാക്കുന്ന മറ്റൊരു ഫാർമസി നിയമത്തിനു കൂടി വിധേയരാണ്. അതാണ് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്ക് നിയമം 1940, അനുബന്ധ ചട്ടങ്ങൾ 1945 എന്നിവ. ഈ നിയമവും ചട്ടങ്ങളും നമ്മുടെ രാജ്യത്തെ ഔഷധ നിർമ്മാണം, ഇറക്കുമതി, വില്പന, വിതരണം മുതലായകാര്യങ്ങൾ നിയന്ത്രിക്കുന്നതിന വേണ്ടിയുള്ളതാണ്. മരുന്നുകളുടെയും, സൗന്ദര്യ വർദ്ധക സാമഗ്രികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുക എന്നത് അതിന്റെ സുപ്രധാന ലക്ഷ്യമാണ്.

ഗുണനിലവാരം ഉറപ്പാക്കിയ മരുന്നും സൗന്ദര്യ വർദ്ധക വസ്തുക്കളും പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള നിയമമെന്ന നിലയിൽ അത് ഒരു ഉപഭോകൃത സംരക്ഷണ നിയമം കൂടിയാണ്. മരുന്നുകളുടെ കാര്യത്തിൽ നിർമ്മാണം മുതൽ രോഗികളുടെ കൈയിൽ എത്തി ചികിത്സ പൂർണമാകും വരെ നിയമാനുസൃത നിയന്ത്രണങ്ങൾ പാലിക്കണം. അതു കൊണ്ടു തന്നെ ഫാർമസി നിയമങ്ങളോടൊപ്പം ചേർന്ന് പരസ്പര പൂരകമായി ഡി ആന്റ് സി നിയമങ്ങളും മുന്നോട്ട് പോകേണ്ടതാണ്. എന്നാൽ യാഥാർത്ഥ്യം മറ്റൊന്നാണ് .

1945 ഡ്രഗ്ഗ്സ് ആന്റ് കോസ്മെറ്റിക്ക് ചട്ടങ്ങളിലെ 65-ാം വകുപ്പ് വിവിധ തരം വില്പന ലൈസൻസുകൾക്കുള്ള നിബന്ധനകൾ പറയുന്നുണ്ട്. അതിന്റെ ഉപ വകുപ്പ് ഒന്നിൽ കോമ്പൗണ്ടിങ്ങിനെക്കുറിച്ചും ഉപവകുപ്പ് രണ്ടിൽ ഒരു രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷനറുടെ പ്രിസ്ക്രിപ്ഷൻ അനുസരിച്ച് മരുന്നു 'സപ്ലൈ' ചെയ്യുന്നതിനെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഡിസ്പെൻസ് എന്ന വാക്ക് മന പൂർവ്വം ഒഴിവാക്കിയിരിക്കുന്നു. ഈ രണ്ടു കാര്യങ്ങളും ഒരു രജിസ്ട്രേഡ് ഫാർമസിസ്റ്റ് നേരിട്ടൊ അയാളുടെ നേരിട്ടുള്ള മേൽനോ

ട്ടത്തിലൊ ചെയ്യാമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ മേൽനോട്ട ജോലിക്ക് പ്രത്യേക നിബന്ധനകൾ ഒന്നുമില്ല. ഫാർമസി നിയമങ്ങൾ ഇതുപോലെ ഒരു മേൽനോട്ട ഡിസ്പെൻസിങ് അനുവദിച്ചിട്ടില്ല. അതിനെ മറികടക്കുന്നതിനു വേണ്ടിയാവാം സപ്ലൈ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് നിയമവും ചട്ടവുമനുസരിച്ച് ഒരു കച്ചവട ലൈസൻസ് കിട്ടാനുള്ള വെറും ഉപകരണം മാത്രമാണ് രജിസ്ട്രേഡ് ഫാർമസിസ്റ്റ് . അതു കിട്ടിക്കഴിഞ്ഞാൽ ആർക്കും മരുന്നുവിൽപന നടത്താം. നമ്മുടെ നാട്ടിൽ ആർക്കും കൈകാര്യം ചെയ്യാവുന്ന ഒരു ചരക്കാണ് മരുന്നുകൾ.

അതുകൊണ്ട് മറ്റെല്ലാ കച്ചവടങ്ങളും പോലെ നടക്കുന്ന ഒന്നാണ് മരുന്നു കച്ചവടവും. ഫാർമസി നിയമം അനുസരിച്ച് ഫാർമസിസ്റ്റുമാർ നേരിട്ടു ചെയ്യേണ്ട ജോലികളെല്ലാം ഡി ആന്റ് സി ചട്ടങ്ങൾ മേൽനോട്ടജോലിയാക്കി ഒരാൾക്കൂട്ടത്തിനു പങ്കുവെ യ്ക്കുന്നു.

ഷെഡ്യൂൾ 'കെ' യും സർക്കാർ ആര്യോഗ്യ സേവനവും ഫാർമസിസ്റ്റുമാരെ കേന്ദ്ര സംസ്ഥാന ആരോഗ്യ സേവന രംഗത്തു നിന്നും പൂർണ്ണമായീ ഒഴിവാക്കുന്നതിനുള്ള പ്രത്യേക സംവിധാനമാണ് ഡി ആന്റ് സി ചട്ടങ്ങളിലെ ഷെഡ്യൂൾ കെ.

**ഷഡ്യൂൾ– കെ ക്രമനമ്പർ 23**

ഷെഡ്യൂൾ –കെ ക്രമനമ്പർ 23 (Schedule K serial No. 23) പ്രകാരം പ്രാഥമീകാരോഗ്യ കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ, കുടുംബക്ഷേമ കേന്ദ്രങ്ങൾ അംഗൻവാടികൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പത്തോളം വിഭാഗം ജീവനക്കാർ വിതരണം ചെയ്യുന്ന മരുന്നുകൾ ലൈസൻസ് ബാധ്യതയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഇതിനുള്ള ഒരേ ഒരു നിബന്ധന ഈ മരുന്നുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആരോഗ്യ വകുപ്പിലൊ കുടുംബക്ഷേമ പരിപാടിയിലൊ വിതരണം ചെയ്യുന്നതായിരിക്കണം എന്നതുമാത്രമാണ്. ഇതും ഫാർമസി നിയമം 42–ാവകുപ്പിനു വിരുദ്ധമാണ്. ഇവിടെയെല്ലാം ഫാർമസി നിയമങ്ങൾ മറികടക്കു ന്നതിനായി 'ഡിസ്പെൻസ്' എന്ന വാക്ക് ബോധപൂർവ്വം ഒഴിവാക്കി 'സപ്ലൈ' എന്ന വാക്കാണ് ഉപയോഗിച്ചിട്ടുള്ളത്. ഈ മരുന്നു സപ്ലേയിൽ ഡോക്ടറൊ, രോഗിയൊ, പ്രിസ്ക്രിപ്ഷനൊ ഇല്ല എന്ന മഹാത്ഭുതവും കാണാൻ കഴിയും. മരുന്നുവിതരണവുമായി ബന്ധപ്പെട്ട കേസിൽ ബഹു. കേരള ഹൈക്കോടതി ഇക്കാര്യമെല്ലാം പരിശോധിക്കുകയും മരുന്നുകൾ ഡിസ്പെൻസ് ചെയ്യേണ്ടത് ഫാർമസിസ്റ്റുമാർ തന്നെയാണെന്ന് സംശയത്തിനിടയില്ലാത്ത വിധം പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതാണ്. രാജ്യത്തുടനീളം ഹൈക്കോടതികളുടെയും സുപ്രീം കോടതിയുടെയും ഇതുപോലെയുള്ള ഉത്തരവുകളുണ്ട്. എങ്കിലും കേന്ദ്ര – സംസ്ഥാന ഗവൺമെൻറുകൾ അവരുടെ അര്യോഗ്യപരിപാടികളിൽ നിന്നും ഫാർമസിസ്റ്റുമാരെ പൂർണമായും ഒഴിവാക്കുന്നു. മെന്റൽഹെൽത്ത് പ്രോഗ്രാം, എൻ.സി.ഡി പ്രോഗ്രാം, വയോമിത്രം പരിപാടി തുടങ്ങിയവ ഉദാഹരണം. സമൂഹത്തിലെ സാധാരണക്കാരായ കോടിക്കണക്കിന് ആളുകളുടെ ആരോഗ്യവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഈ പരിപാടികളിലെല്ലാം മരുന്നുകൾ ഡിസ്പെൻസ് ചെയ്യുന്നത് ഫാർമസി നിയമ പ്രകാരം അതിന് യോഗ്യരല്ലത്ത ആളുകളാണ്. ഈ നടപടി ഗവൺമെന്റിൽ ജോലി ലഭിക്കാനുള്ള രജിസ്ട്രേഡ് ഫാർമസിസ്റ്റുമാരുടെ അവസരങ്ങൾ മറ്റുള്ളവർ കവർന്നെടുക്കുന്നതിന് ഇടയാക്കുന്നു. പ്രസ്തുത പരിപാടികളിൽ പ്രവർത്തിക്കുന്നതിലൂടെ ഫാർമസിസ്റ്റുമാർക്ക് ലഭിക്കേണ്ട സാമൂഹിക അംഗീകാരം മറ്റുള്ളവർ നേടുകയുംചെ യ്യുന്നു. ഗവൺമെന്റ് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ കാര്യത്തിലും ഇതു പോലെയുള്ള നടപടികൾ കാണാം. ഇതിന്റെയെല്ലാം അടിസ്ഥാനമായി

ചൂണ്ടി ക്കാണിക്കുന്നത് ഷെഡ്യൂൾ കെ ആണ്. അതനുസരിച്ച് ഫാർമസിസ്റ്റുമാരുടെ ജോലി മറ്റ് വിഭാഗം ജീവനക്കാരെക്കൊണ്ട് ചെയ്യിക്കുന്ന രീതി അവലംബിച്ചിരിക്കുന്നു.

**ഷെഡ്യൂൾ കെ ക്രമനമ്പർ 5 A**

ഷെഡ്യൂൾ - കെ ക്രമനമ്പർ 5 A അനുസരിച്ച് സർക്കാർ, പ്രാദേശീക സർക്കാർ ഉടമസ്ഥതയിലുള്ള ആശുപത്രികളിൽ നിന്നും വിതരണം ചെയ്യുന്ന മരുന്നുകൾ ലൈസൻസ് നിബന്ധനകളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. അങ്ങിനെ ഒഴിവാക്കുന്നതിന് ആദ്യ നിബന്ധനയായി പറഞ്ഞിരിക്കുന്നത് മരുന്നുകൾ ഡിസ്പെൻസ് ചെയ്യുകയൊ വിതരണം വിതരണം ചെയ്യുകയൊ ചെയ്യുന്നത് ഫാർമസിസ്റ്റൊ അദ്ദേഹത്തിന്റെ മേൽനോട്ടത്തിലൊ ആയിരിക്കണമെന്നാണ്. ഇതുപോലെ ഒരു മേൽനോട്ട വിതരണം ഫാർമസിനിയമങ്ങൾ വിഭാവനം ചെയ്യുന്നില്ല.

ഡി ആന്റ് സി ചട്ടങ്ങളിലെ അറുപത്തിയഞ്ചാം വകുപ്പും ഷെഡ്യൂൾ കെ യും അനുസരിച്ച് കുറഞ്ഞപക്ഷം ഒരു ഗ്രാമ പഞ്ചായത്തിലെ വിവിധ തലങ്ങളിലുള്ള ഫാർമസിസ്റ്റുമാരല്ലാത്ത നൂറു പേർക്കെങ്കിലും ഏതുമരുന്നും സൂക്ഷിക്കാനും രോഗികൾക്ക് നൽകാനും കഴിയും. ഫാർമസി നിയമങ്ങൾക്ക് ഒരു പരിഗണനയും നൽകാതെ ഡി ആന്റ് സി ചട്ടങ്ങൾ ഫാർമസിസ്റ്റുമാർക്കും മരുന്നിനുമിടയിൽ ഫാർമസിസ്റ്റുമാരല്ലാത്തവരുടെ ഒരു വൻമതിൽ തന്നെ തീർത്തിരി ക്കുന്നു. ഫാർമസിസ്റ്റുമാരെ അഭയാർത്ഥികളാക്കി മാറ്റിയിരിക്കുന്നു. സ്വന്തം ജോലി സഹപ്രവർത്തകർ ചെയ്യുന്നത് നിസഹായരായി നോക്കിനിൽക്കേണ്ടിവരുന്നു. ഇന്ത്യയിൽ വിവിധ തലങ്ങളിൽ ഉപയോഗിക്കുന്ന കോടിക്കണക്കിനു രൂപയുടെ മരുന്നുകളിൽ വളരെ ചെറിയ ശതമാനം മാത്രമാണ് ഫാർമസിസ്റ്റുമാരുടെ കൈകളിലൂടെ കടന്നു പോകുന്നത്. ഫാർമസിസ്റ്റുമാർ സ്വന്തം ജോലിയിൽ നിന്നും ഏറക്കുറെ പൂർണ്ണമായും അന്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഫാർമസി നിയമങ്ങൾ പണിയുന്ന സംരക്ഷണ മതിലുകൾ നിമിഷനേരംകൊണ്ട് ഡി ആന്റ് സി ചട്ടങ്ങൾ തകർത്തു കളയുന്നു. കൗൺസിലുകളും ഫാർമസിസ്റ്റുമാരും കാഴ്ചക്കാരായി നിൽക്കുന്നു. രണ്ടു വർഷം മുതൽ ആറു വർഷം വരെ നീളുന്ന ഫാർമസി വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്ന ഇന്ത്യൻ ഫാർമസിസ്റ്റുമാർ ജീവിക്കാൻ മറ്റെന്തെങ്കിലും തൊഴിൽ അന്വേഷിക്കേണ്ട അവസ്ഥയി ലാണ്.

**ഫാർമസി സംഘടനകൾ എന്തു ചെയ്യണം**

ഇന്ത്യയിൽ സംസ്ഥാനതലത്തിലും ദേശീയ തലത്തിലും പ്രവർത്തിക്കുന്ന ഒരു പാട് സംഘടനകൾ ഫാർമസിസ്റ്റുമാർക്കുണ്ട്. പക്ഷെ അവർക്കാർക്കും ഫാർമസിസ്റ്റുമാർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ സംബന്ധിച്ച് ഒരു പൊതുധാരണ ഇല്ല എന്നത് ഏറെ സങ്കടകരമാണ്. അവർ തങ്ങളുടെ അംഗങ്ങളുടെ യോഗ്യതകൾ പറഞ്ഞ് പരസപരം കലഹിക്കുന്നു. അതുകൊണ്ട് ഫാർമസി സമൂഹം നേരിടുന്ന ജീവൻമരണ പ്രശ്നങ്ങൾ ക്കെതിരെ ഒരുമിച്ചു നിൽ ക്കാൻ കഴിയുന്നില്ല. അതിനാൽ പ്രശ്ന പരിഹാരവും വളരെ അകലെയാണ്. അതീവ ഗുരതരമായ ഈ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിന് ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെയും, ഫാർമസിസ്റ്റുമാരുടെ ചെറുതും വലുതുമായ എല്ലാ സംഘടനക ളുടെയും ശക്തവും നിരന്തരവുമായ ഇടപെടലുകൾ ആവശ്യമാണ്. അതിന് ആദ്യം വേണ്ടത് ഇന്ത്യൻ ഫാർമസിസ്റ്റുമാർ തങ്ങൾ നേരിടുന്ന നിയമപരവും വിദ്യാഭ്യാസപരവു മായ യഥാർത്ഥപ്രശ്നം എന്താണെന്ന് തിരിച്ചറിയുകയും ആ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഒരുമിച്ചു പോരാടുകയുമാണ്.



കഥ

# മുഖം വേണ്ടാത്ത ലോകം !




**ശ്രീനാ ഗോപാൽ**
ഫാർമസിസ്റ്റ് തുറന്ന ജയിൽ
ചീമേനി, കാസറഗോഡ് ജില്ല


സുദേവിക ...
തന്റെ പേര്.
പക്ഷെ ഏറ്റവും കൂടുതൽ താൻ കേട്ടിട്ടുള്ളത്
ദേവിയേട്ടത്തി എന്ന ശബ്ദമാണ്..,
പല മുഖങ്ങളിൽ നിന്ന്...
എന്നു വെച്ചാൽ
പത്രക്കാരനിൽ നിന്ന്...
പാൽക്കാരനിൽ നിന്ന്...
അയൽപക്കത്തുനിന്ന്...
എന്നാൽ ഇന്നിപ്പോൾ കാലം എത്ര മാറിയിരിക്കുന്നു.
സംസാരങ്ങൾ കുറവ്
കണ്ടു മുട്ടലുകൾ കുറവ്...
വിളികൾ...
വിശേഷം പറച്ചിലുകൾ എല്ലാം കുറവ് ...
എന്തിനധികം പറയാൻ...
അച്ഛൻ, അമ്മ, രണ്ടു മക്കൾ - അങ്ങനെ ഞങ്ങൾ നാലു പേർ കൂടിയാൽ തന്നെ നാനൂറ് പേരുടെ ഓളമുണ്ടായിരുന്ന വീടാ...!
ഇന്നിപ്പോൾ താൻ ഹോസ്പിറ്റലിലേക്ക് ജോലിക്ക് പോകുമ്പോൾ മഹേഷേട്ടൻ ഫോണിന്റെയും ലാപ്ടോപ്പിന്റേയും ഇടയിലിരുന്ന് തലപ്പെരുപ്പിക്കുന്ന ജോലിയിലാവും,
'വർക്ക് ഫ്രം ഹോം' ആണത്രെ !
ഒന്നും പറയാൻ തോന്നില്ല .
ആ... ചെന്നിട്ട് ഫോൺ വിളിക്കാം.
എഞ്ചിനിയറിംഗ് പഠിക്കുന്ന ആദി ലീവിന് വീട്ടിൽ വന്നാൽ എന്നെ തട്ടിയും മുട്ടിയും അടുക്കളയിൽ തമ്പടിക്കുന്നവനാ...
ഇപ്പോൾ ഇടവിട്ടടിക്കുന്ന അലാറാമിനെ അനുസരിച്ച് ഉണർന്നും ഉറങ്ങിയും ഫോണിനോടൊത്തുള്ള ഒരു യന്ത്രമനുഷ്യനാണവൻ.
ഓൺലൈൻ പഠിത്തമാണത്രെ !
അവനുണ്ടാക്കിയ ചക്കപ്പലഹാരം ഫ്രിഡ്ജിലിരിക്കുന്നു, കാണുമോ എന്തോ ...?
ആ... ചെന്നിട്ട് മെസ്സേജയയ്ക്കാം.
പോകാനിറങ്ങുമ്പോൾ എന്തെങ്കിലുമൊന്ന് ദിയ മോളെ ഏൽപിക്കാമെന്ന് കരുതിയാലോ,
ചിലും... ചിലും ...
ചിലങ്കയുടെ ശബ്ദം അവളുടെ മുറിയിൽ നിന്ന് ഒഴുകുന്നുണ്ടാവും,
ഓൺലൈൻ ഡാൻസ് ക്ലാസ്സ് ആണത്രെ !
കുന്തം...
വീട്ടിൽ ആരും ഇല്ലാതിരിക്കുമ്പോൾ അയൽപക്കത്തെ രമയുടെ വീട്ടിലായിരുന്നു ഗ്യാസ് സിലിണ്ടർ നറയ്ക്കാൻ വെയ്ക്കാറ് ...
കാശും ഏൽപിക്കും.

ഇന്നിതാ ഫോണിൽ മെസ്സേജ്,
സിലിണ്ടറിന്റെ കാശ് ഓൺലൈനായി അടച്ച് സിലിണ്ടർ സിറ്റൗട്ടിൽ വെച്ചാൽ മതിയെന്ന്, ഏജൻറ്.

'ദേവിയേട്ടത്തീ ....കൂ ...'

ഡബിൾ മാസ്ക് തുളച്ച് മീൻകാരന്റെ ശബ്ദം.

അജയനാണല്ലൊ.

എത്ര നാളായി ഇവനെ കണ്ടിട്ട്... അവന്റെ അമ്മയ്ക്ക് സുഖായോന്നും തിരക്കെണം.

വരുന്നെടാ...

കാശെടുക്കാൻ ബാഗിന്റെ അടുത്ത്പോയി തിരിച്ചു വന്നപ്പോൾ,

ഫോൺ ബെല്ലടിക്കുന്നു...

ഹലോ...

ദേവിയേട്ടത്തി, മീനവിടെ ഗെയിറ്റിന്റെയടുത്ത് വെച്ചിട്ടുണ്ട്, കാശ് ഗൂഗിൾ പെ ചെയ്താ മതി.

ആർക്കും ഒന്നും നേരിൽ വേണ്ട,

കാശും

വർത്തമാനവും

ചിരിയും

ഒന്നും ...!

എല്ലാം കഴിഞ്ഞ്
ഹോസ്പിറ്റലിലേക്കിറങ്ങിയപ്പോൾ ഒരു കോൾ,

"മെഡിസിൻ ഇൻഡൻറ് കൺസോളിഡേറ്റ് ചെയ്യാൻ ഇന്ന് ജില്ലാ ആശുപത്രിയിലേക്ക് വരേണ്ടതില്ല. ഓൺലൈനായി ചെയ്താ മതി".

ഞാനും നെറ്റ് ഓൺ ചെയ്ത് ലാപും നോക്കി മുറിയിലിരുന്നു....!

## നിവേദനങ്ങൾ

1.. പതിനൊന്നാമത് ശമ്പള പരിഷ്ക്കരണ ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ ശുപാർശ നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ എന്നിവർക്കും അനോമലി പരിഹാരസമിതി മുമ്പാകെയും നിവേദനങ്ങൾ നൽകി.

2. ആരോഗ്യവകുപ്പിലെ ഫാർമസി വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽറൂൾ നടപ്പിലാക്കുന്നതിന് വേണ്ടി സർവ്വീസ് സംഘടനകളുമായി നടത്താൻ തീരുമാനിച്ചിരിക്കുന്ന ചർച്ചയിൽ പങ്കെടുപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പ് ഡയറക്ടർ -സെക്രട്ടറി എന്നിവർക്ക് നിവേദനം നൽകി.

3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഡെന്റൽ കോളേജുകളിൽ ഫാർമസിസ് തസ്തിക സൃഷ്ടിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിവേദനം നൽകി.

4. KMSCL ൽ ജനറൽ മാനേജർക്ക് DDMS സോഫ്റ്റ്വെയറിൽ കൂടുതൽ പരിഷ്കാരങ്ങൾ വരുത്തി ഫാർമസിസ്റ്റുകൾക്ക് സൗകര്യപ്രദമാക്കണം എന്ന് ആവശ്യപ്പെട്ട് നിവേദനം നൽകി.

5. ആരോഗ്യവകുപ്പിൽ പുതിയതായി 52 തസ്തികകൾ വന്നതിനാൽ Gr I-II അനുപാതത്തിൽ ഉണ്ടായ അന്തരം പുനക്രമീകരിക്കാൻ ശ്രമം ഉണ്ടാവണം എന്ന് നിവേദനത്തിലൂടെ വകുപ്പ് ഡയറക്ടറെ ഓർമ്മപ്പെടുത്തി.

6. ആരോഗ്യവകുപ്പ് സ്ഥാപനങ്ങളിൽ പ്രായോഗിക പരിശീലനം തേടുന്ന ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ഉയർന്ന ഫീസിൽ നിന്ന് ഇളവ് നൽകണം എന്നാവശ്യപ്പെട്ട് ആരോഗ്യമന്ത്രി, വകുപ്പ് സെക്രട്ടറി, ഡയറക്ടർ എന്നിവർക്ക് നിവേദനം നൽകി.

7. 22 വർഷം സമയ ബന്ധിത ഗ്രേഡിൽ പുതിയ ശമ്പള നിരക്ക് അനുവദിക്കുന്നതിലെ സാങ്കേതിക പ്രശ്നം പരിഹരിക്കണം എന്നാവശ്യപ്പെട്ട് ആരോഗ്യവകുപ്പ് പ്രിൻസി

# കോടതിവിധി - വിശകലനം

ബഹു. കേരള ഹൈക്കോടതി ഗൗരവ മേറിയ നിരീക്ഷണങ്ങളോടെ ഫാർമസി നിയമത്തെ വ്യാഖ്യാനിച്ച് സുപ്രധാനമായ വിധി 13/01/2022 ൽ പ്രസതാവിക്കുകയു ണ്ടായി..

ഈ വിഷയവുമായി ബന്ധപ്പെട്ട് ഇതിന് മുൻപുണ്ടായ സിംഗിൾ ബഞ്ച് വിധിയെ അ സ്ഥിരപ്പെടുത്താതെയാണ് കോടതിയുടെ വിശദമായ നിരീക്ഷണങ്ങളോടെയുള്ള വിധി. മെഡിക്കൽ ഓഫിസർ നിർദ്ദേശിക്കുന്ന ആൾ എന്നത് കൊണ്ട് 1948 ഫാർമസി നിയമം സെക്ഷൻ 42 ന് വിധേയമായി ഫാർമസിസ്റ്റ് അല്ലങ്കിൽ ചികിത്സകനായ ഡോക്ടർ തന്നെയോ അദ്ദേഹത്തിന്റെ നിർദ്ദേശാനുസ രണം ആസ്ഥാപനത്തിലെ 'മറ്റൊരു ജൂനിയർ ഡോക്ടറോ തന്നെയാണ് എന്ന് വിധിപറഞ്ഞ് കൊണ്ട് കോടതി നിരീക്ഷണം നടത്തിയിരി ക്കുന്നു.

1948ലെ പാർലമെന്റ് പാസാക്കിയ ഫാർമസി നിയമത്തിലെ സെക്ഷൻ 42 നെ വികലമായി വ്യാഖ്യാനിച്ച് ഉത്തരവുകൾ ഇറക്കി ഫാർമസിസ്റ്റ് വർഗ്ഗത്തെ പുറകോട്ട് നടത്താൻ തുനിഞ്ഞ ഏവർക്കും ഉള്ള മുന്നറിയിപ്പാണ് കോടതിയുടെ നിരീക്ഷണം . നേരിട്ട് ഡോക്ടറോ രജിസ്ട്രേഡ് ഫാർമസി സ്റ്റോ അല്ലാത്ത ഒരാളിലും മരുന്ന് വിതരണം നിയമപരമായി നില നിൽക്കില്ല എന്ന് കോടതി അടിവരയിട്ട് പറയുന്നു.

6 വർഷം മുമ്പാണ് ചരിത്രപ്രധാനമായ 'സാബിറ,' കേസിൽ വിധി വന്നത്. സബ്ബ് സെന്റർ മുഖേന ഫാർമസി നിയമം അനു ശാസിക്കുന്ന യോഗ്യത ഇല്ലാത്ത ഫീൽഡ് വിഭാഗം ജീവനക്കാർ വഴി ചഇഉ മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കണം എന്ന ഉത്തര വിനെ ചോദ്യം ചെയ്യാൻ അന്ന് KGPA മാത്രമെ ഉണ്ടായിരുന്നുള്ളൂ. നമ്മൾ നമ്മുടെ കടമ ആ കേസിലൂടെ നിറവേറ്റി... നമുക്ക് ആനുകൂല മായ വിധിയും ലഭിച്ചു.

പിന്നിട് ആ കോടതി വിധിയെ മറികടക്കു ന്നതിന് ബഹു ഹൈക്കോടതി ഉത്തരവിനെ വികലമായി വ്യാഖ്യാനിച്ച് ഡോക്ടർമാർ മൂന്ന് മാസത്തേക്ക് പ്രിസ്ക്രൈബ് ചെയ്ത് മരു ന്നുകൾ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ശേഖരിച്ച് സബ്ബ് സെന്റർ വഴി നൽകിക്കാൻ ഒരു സർക്കുലർ ആരോഗ്യ വകുപ്പ് ഡയറക്ടറു ടേതായി ഇറങ്ങുകയുണ്ടായി ഫാർമസി നിയമത്തിലെ വ്യവസ്ഥകൾ സാബിറ കേസിലെ വിധിയിൽ വളരെ വ്യക്തമായ തിനാൽ അതിനു വിരുദ്ധമായി ആരോഗ്യ വകുപ്പ് ഡയറക്ടർ ഇറക്കിയ സർക്കുലർ നടപ്പിലാക്കാൻ ഭൂരിഭാഗം മെഡിക്കൽ ഓഫീസർമാരും തയ്യാറായില്ല. നിയമത്തെ കുറിച്ച് വ്യക്തമായ ധാരണയുള്ള ഇതര വിഭാഗം ജീവനക്കാർ മരുന്നു നല്കാനും ധൈര്യപ്പെട്ടില്ല. അങ്ങനെ കാര്യമായി എവിടെയും നടപ്പിലാക്കാത്ത ഒന്നായിരുന്നു ആ സർക്കുലർ.കോടതി വിധിക്ക് എതിരാ യതും നടപ്പിലാക്കാൻ ഒരു സാധ്യതയും ഇല്ലാത്ത ഉത്തരവ് പൊതുവേ എല്ലാവരും അവഗണിക്കുകയായിരുന്നു എന്ന് സാരം. പബ്ളിക്ക് ഹെൽത്ത് ജീവനക്കാരിൽ നിന്ന് പോലും അന്ന് ഈ ഉത്തരവിനെതിരെ എതിർപ്പ് രൂക്ഷമായിരുന്നു.'

അത്ര ശക്തമായ വിധി സാബിറ കേസിൽ നമ്മൾ വാങ്ങി വെച്ചിട്ടുണ്ടായിരുന്നു. അതിനെ ഒരു സർക്കുലർ കൊണ്ട് ആർക്കും മറികട ക്കാനാവില്ല എന്നതായിരുന്നു സത്യം. ഇതിനിടക്ക് പൊതുവേ ഫാർമസിസ്റ്റുകൾക്ക് പ്രതികൂലമായ ഒരു സർക്കാർ ഉത്തരവ് ഇറങ്ങുകയും ഇതേ സമയം ഫാർമസി മേഖല യിൽ പ്രവർത്തിക്കുന്ന മറ്റൊരു സംഘടന ആരോഗ്യ വകുപ്പ് ഡയറക്ടർ മരുന്നുവിതര ണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ മുടങ്ങാതിരിക്കാൻ മെഡിക്കൽ ഓഫിസർക്ക് ക്രമീകരണം ഏർപ്പെടുത്താം എന്ന ഉത്തരവിനെതിരെ ഹൈകോടതിയിൽ നിയമനടപടികളുമായി പോവുകയും കേസ് പരിഗണിച്ച സിംഗിൾ ബെഞ്ചിൽ നിന്നും ഫാർമസിസ്റ്റുകളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള വിധി ഉണ്ടാവുകയും ചെയ്തു. ആ വിധി ഫാർമസിസ്റ്റ്മാർക്കിടയിൽ മൊത്തത്തിൽ ഒരു

പ്രതിസന്ധി ഉണ്ടാക്കി.സ്വാഭാവികമായും സിംഗിൾ ബഞ്ച് ഉത്തരവിൽ തൃപ്തരല്ല എങ്കിൽ അപ്പീൽ നൽകേണ്ടത് കേസ് നടത്തിയ സംഘടനയുടെ ഉത്തരവാദിത്ത മാണ് എന്നിരിക്കിലും ഈ വിഷയം ഗഏജഅ സംസ്ഥാന കമ്മറ്റി ഗൗരവമായി ചർച്ച ചെയ്യുകയും ഡിവിഷൻ ബെഞ്ച് മുൻപാകെ അപ്പീൽ നൽകാൻ സാധ്യത ഉണ്ടോ എന്ന് നിയമോപദേശം തേടുകയും,,, അതനുസരിച്ച് റിട്ട് അപ്പീലിൽ കക്ഷി ചേരുന്നതിനേക്കാൾ ഫലപ്രദം പുതിയ റിട്ട് പെറ്റീഷനിൽ കക്ഷി ചേരുന്നതാണ് എന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ, ഫാർമസി നിയമം അനുശാസിക്കുന്ന യോഗ്യത ഇല്ലാത്ത ഒരാൾ മരുന്ന് മാറി നൽകിയതുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രയാസങ്ങൾ അനുഭവിച്ച വ്യക്തി സമർപ്പിച്ച റിട്ട് പെറ്റീഷനിൽ (W.P(c) No.6674 / 2021) KGPA ഇംപ്ലീഡ് ചെയ്യുന്നതിന് വേണ്ട നടപടികൾ കൈകൊള്ളുകയുണ്ടായി. എന്നാൽ ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് റിട്ട് അപ്പീലും, റിട്ട് പെറ്റീഷനും തള്ളിക്കളഞ്ഞുകൊണ്ടാണ് വിധി പ്രഖ്യാപിച്ചത്.

NCD മരുന്നു വിതരണവുമായി ബന്ധ പ്പെട്ട് ശ്രീമതി സാബിറ കേസ് കൊടുത്തപ്പോൾ സർക്കാരിനെതിരെ കേസ് കൊടുത്ത വർ എന്ന തരത്തിൽ KGPA എന്ന സംഘടനക്കെതിരെ നിരന്തരം ആക്ഷേപങ്ങൾ ഉന്നയിക്കുകയും പിന്നീട് പുതിയ തസ്തികകൾ ലഭിക്കാത്തതിന് കാരണക്കാർ KGPA ആണ് എന്ന രീതിയിൽ റാങ്ക് ഹോൾഡേഴ്സ് സംഘടനക്കുള്ളിൽ ഉൾപ്പെടെ വ്യാപകമായ പ്രചരണം നടത്തി. നിയമ നടപടികൾക്കിറ ങ്ങിയില്ല എങ്കിൽ ഫാർമസി നിയമങ്ങളുടെ നഗ്നമായ ലംഘ നത്തിന് സഹായകരമായ നിലപാട് എടുക്കുന്നവരാണ് സർക്കാർ ഫാർമസിസ്റ്റുകളുടെ സംഘടന എന്ന മറുവാദവും ഇതേ ആളുകൾ തന്നെ ഉന്നയിച്ചു കൊണ്ടേ ഇരിക്കുന്നു.

ഫാർമസി നിയമങ്ങൾക്ക് എതിരായ വെല്ലുവിളികളെ നേരിടാൻ KGPA ക്കും ഇതര സംഘടനകൾക്കും ഒറ്റക്ക് ഒറ്റക്ക് ഇറങ്ങേണ്ടി വന്ന അവസ്ഥ ചിലർ ഇവിടെ മനപൂർവ്വം സൃഷ്ടിച്ചതല്ലേ.....

പിന്നിട് ഫാർമസി കൗൺസിലും ഫാർമസി പ്രൊഫഷനെ സ്നേഹിക്കുന്ന എല്ലാവരും ഒത്തുചേർന്നപ്പോൾ പ്രത്യക്ഷ ത്തിൽ പരാജയം എന്നു തോന്നുമെങ്കിലും കേരളത്തിലെ സർക്കാർ മേഖലയിലെ ഫാർമസി വിഭാഗത്തിന് ഭാവിയിൽ അനന്ത മായ സാധ്യതകൾ ഇനിയും തുറന്ന് ഇട്ടു കൊണ്ടുള്ള ഒരു വിധി തന്നെയാണ് ഇത് എന്ന് നിസംശയം പറയാം... ആരോഗ്യവകുപ്പിലെ ചിലർ വ്യാഖ്യാനിക്കുന്നത് പോലെ സർക്കാർ ഉത്തരവ് ആരോഗ്യസ്ഥാപനങ്ങളിൽ മരുന്നു വിതരണം ആരെയെങ്കിലും വച്ച് ക്രമീകരി ക്കാനല്ല, മറിച്ച് ഫാർമസി നിയത്തിലെ വകുപ്പുകളും, ഉപവകുപ്പുകളും അനുശാസി ക്കുന്ന യോഗ്യതയുള്ളവരെ മാത്രമേ ഏൽപ്പിക്കാനാവൂ. അംഗങ്ങളോടും, ഈ പ്രൊഫഷനോടും ഉത്തരവാദിത്തമുള്ള സംഘടന എന്ന നിലയിൽ KGPA യെ സംബന്ധിച്ചിടത്തോളം എല്ലാ വശങ്ങളും നോക്കി വളരെ ശ്രദ്ധാപൂർവമേ ഇക്കാര്യത്തിൽ ഒരാ ചുവടുവയ്പും നടത്താൻ സാധിക്കൂ,, അതും ഇതുപോലുള്ള പ്രതിസന്ധികൾ മാത്രം നേരിടേണ്ട കാലഘട്ടത്തിൽ ...

നിയമം ദുർബലമാക്കാൻ ആർ ശ്രമി ച്ചാലും ഒറ്റക്കെട്ടായി നമ്മൾ ഉണരണം. എത്രയോ പതിറ്റാണ്ട് മുൻപ് എഴുതിച്ചേർത്ത നിയമങ്ങളെ വക്രീകരിക്കുകയല്ല വേണ്ടത് മറിച്ച് ലോകത്തിലെ മുഖ്യ മരുന്ന് കമ്പോള മായി ഇന്ത്യ മാറുമ്പോൾ ഫാർമസി മേഖല നമുക്ക് മാത്രം നിജപ്പെടുത്തി പുതിയ കൂട്ടിച്ചേർക്കലുകൾ വരുത്തകയാണ് ചെയ്യേണ്ടത്....

കേവലം കച്ചവട താൽപ്പര്യത്തേക്കാൾ വില കൊടുക്കേണ്ടത് സാധാരണക്കാരുടെ ആരോഗ്യത്തിനാണ് എന്ന് പറഞ്ഞു കൊണ്ട് തന്നെയാണ് ഫാർമസി വിഭാഗത്തിന് അനുകൂലമാകുന്ന രീതിയിലുള്ള വിശദമായ ഒരു നിരീക്ഷണത്തോടെ റിട്ട് അപ്പീൽ തള്ളിയത്. വിധിയിൽ പൂർണ്ണമായും തൃപ്ത രല്ല എങ്കിൽ പോലും കോടതിയുടെ നിരീക്ഷ ണങ്ങളെ KGPA സംസ്ഥാന കമ്മറ്റി അംഗീക രിക്കുന്നു.. സ്വാഗതം ചെയ്യുന്നു.

### തിരുവനന്തപുരം

ജില്ലാ നേതാക്കളും വിജയകുമാർ അടക്കം സംസ്ഥാന ഭാരവാഹികളും ചേർന്ന് ഡി.എം.ഒ., ഡി.പി.എം. എന്നിവരെ സന്ദർശിച്ച് ലീവ്/ഓഫ് ദിവസങ്ങളിൽ പകരം ഫാർമസിസ്റ്റിനെ നിയമിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ജില്ലയിലെ ഫാർമസിസ്റ്റുകൾ നേരിടുന്ന വിഷയങ്ങൾ അവതരിപ്പിച്ചു. എൻ.എച്ച്.എം. നിയമനങ്ങൾ ത്വരിതപ്പെടുത്താം എന്ന ഉറപ്പ് ലഭിക്കുകയുണ്ടായി. സംസ്ഥാന കമ്മിറ്റി ബിൽഡിംഗ് ശുചീകരണം ഭംഗിയായി നിർവ്വഹിച്ചു. ഡിൻ. അനിത, അൻസാരി, സുഭാഷ് എന്നിവർ നേതൃത്വം നല്കി.

### തൃശൂർ

KGPA തൃശൂർ ജില്ലാ കമ്മറ്റി പുതിയതായി സർവീസിൽ പ്രവേശിച്ചവർക്ക് ഫാർമസോൾവ് 2022 എന്ന പേരിൽ സംഘടനാ – സർവീസ് ഏകദിനപഠന ക്ലാസ് സംഘടിപ്പിച്ചു,. സംഘടനയുടെ മുൻ സംസ്ഥാന ജന. സെക്രട്ടറി പ്രേമാനന്ദൻ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഫാർമസിസ്റ്റുകളുടെ ദൈനംദിന വർക്കിനാവശ്യമായ സ്ഫോറ്റു വയറുകളെ പരിചയപ്പെടുത്തി. സംഘടനാ ചരിത്രവും സമൂഹത്തിലെ പുതിയ നിലപാടുകളും വിശദീകരയ്ക്കപ്പെട്ടു. മാനസികമായ പിന്തുണയും ജോലി നൈപുണ്യത്തിൽ പുതിയ അറിവുകളും നിറച്ച ഏകദിന ക്ളാസിൽ ഫാർമസിസ്റ്റുകളുടെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്ന വിദ്യകളും വിഷയീകരിക്കപ്പെട്ടു.

### മലപ്പുറം

KGPA മലപ്പുറം ജില്ലാ കമ്മറ്റിയുടെ വിവിധ തീരുമാനങ്ങൾ അറിയിപ്പുകൾ, മീഡിയ റിപ്പോർട്ടുകൾ ഫാർമസി രംഗത്തെ നൂതന അറിവുകൾ വിശകലനങ്ങൾ, വാർത്തകൾ എന്നിവ ഫാർമസി സമൂഹത്തെയും പൊതുജനങ്ങളെയും അറിയിക്കുക, ഫാർമസിസ്റ്റുമാരെ ഒത്തൊരുമിപ്പിച്ച് കൂട്ടായ പ്രവർത്തനം നടത്തി പ്രൊഫഷന്റെ ഉന്നമനം യാഥാർത്ഥ്യമാക്കാൻ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം നന്നായി ഉപയോഗിക്കുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാൻ KGPA മലപ്പുറം ജില്ലാ കമ്മറ്റി “KGPA Malappuram” എന്ന പേരിൽ ഒഫിഷ്യൽ ഫേസ് ബുക്ക് പ്രൊഫൈൽ ,‘കെ ജി പി എ മലപ്പുറം’ എന്ന പേരിൽ ഫേസ് ബുക്ക് പേജ് എന്നിവ ആരംഭിച്ചു.

മങ്കട സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ മതിയായ ഫാർമസിസ്റ്റുമാരെ നിയമിക്കാതെ 24 മണിക്കൂർ ഫാർമസി പ്രവർത്തനം ആരംഭിക്കുവാനുള്ള തീരുമാനത്തിനെതിരെ മങ്കട സി.എച്ച്.സി മെഡിക്കൽ ഓഫീസറെ സമീപിച്ചു.

### കോഴിക്കോട്

സെപ്തംബർ 25 ലോക ഫാർമസിസ്റ്റ് സ് ദിനം. കോഴിക്കോട് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ജില്ലയിലുടനീളം വിപുലമായി ആചരിച്ചു. ഫാർമസിസ്റ്റ്ദിന സന്ദേശം പ്രചരിപ്പിക്കുന്നതിന് സോഷ്യൽ മീഡിയ ക്യാംപെയിൻ നടത്തി. ഓണത്തോടനുബന്ധിച്ച് ഫാർമസിസ്റ്റുകളുടെ കുട്ടികൾക്കായി ചിത്ര രചന, കവിതാ രചന, കഥാ രചന, ഫോട്ടോഗ്രാഫി എന്നീ വിഭാഗങ്ങളിൽ മൽസരങ്ങൾ നടത്തി. തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ഓൺലൈൻ ക്ലാസ്സ് നടത്തി.ഹീഴശി ശി ടുമൃസ എന്ന വിഷയത്തിൽ KGPA സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗം രൂപേഷ്.കെ ക്ലാസ്സെടുത്തു.

### കണ്ണൂർ

ഫെബ്രുവരി 12ന് പുതിയ ഫാർമസിസ്റ്റുകൾക്കു വേണ്ടി നവ സാമൂഹ്യ മാധ്യമത്തിലൂടെ പഠന ക്ലാസ്സ് സംഘടിപ്പിച്ചു. ഡെപ്യൂട്ടി ഡി.എം.ഒ., തൃശൂർ എസ്.വി.ഒ., സംസ്ഥാന ജന. സെക്രട്ടറി മനോജ് എം.എസ്. എന്നിവർ സംസാരിച്ചു. പയ്യന്നൂർ ഫാർമസിസ്റ്റ് ശ്രീമതി രജിതയുടെ ചികിത്സയ്ക്കായി ശേഖരിച്ച ഫണ്ട് ജില്ലാ നേതൃത്വം കുടുംബത്തിന് കൈമാറി.